V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയേഴാമതു റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമതു റിപ്പോർട്ട് പരിഗണന.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ആ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(2) പ്രമേയങ്ങൾ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

ശ്രീമതി ആർ. ലതാദേവി : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു:

"തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചിട്ട് എട്ടുവർഷം തികഞ്ഞു. പ്രതിവർഷം എട്ടു ലക്ഷത്തോളം യാത്രക്കാർ വന്നിറങ്ങുന്ന ഇവിടെ പ്രാഥമിക സൗകര്യങ്ങൾപോലും ഒരുക്കാൻ അധികൃതർക്ക് കഴിഞ്ഞില്ല. ഇവിടത്തെ അന്താരാഷ്ട്ര ടെർമിനലിന് പരിമിതികൾ ഏറെയാണ്. ശുദ്ധജല വിതരണ സംവിധാനംപോലും പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല. യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ അനുദിനം കൂടി വരികയാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന വിമാനത്താവളമാക്കി മാറ്റും എന്ന കേന്ദ്ര ഏവിയേഷൻ വകുപ്പിന്റെ ഉറപ്പുപോലും പാലിച്ചിട്ടില്ല. അന്താരാഷ്ട്ര വിമാനത്താവളമായുള്ള പ്രഖ്യാപനത്തിന്ശേഷം മാറി മാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ ഇക്കാര്യത്തിൽ യാതൊരു താല്പര്യവുമെടുത്തിട്ടില്ല. തിരുവനന്തപുരത്തു വന്നു പോകുന്ന നിരവധി വിമാനസർവീസുകൾ, എയർ ബസ്സടക്കം റദ്ദാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയും ഇപ്പോൾ കാട്ടുന്ന താല്പര്യമില്ലായ്മ അവസാനിപ്പിച്ച് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ സൗകര്യം മെച്ചപ്പെടുത്തണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു."

സർ, ദുബായിൽനിന്ന് ഗോവ വഴി തിരുവനന്തപുരത്തേക്ക് ഡെക്കോട്ട എയർ ക്രാഫ്റ്റ് സർവീസ് ആരംഭിച്ചുകൊണ്ട് തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാളിന്റെ കാലയളവിലാണ് തിരുവനന്തപുരം വിമാനത്താവളം ആരംഭിച്ചത്. ഏറെ നാളത്തെ കാത്തിരിപ്പിനുശേഷം ശ്രീമാൻ വി.പി. സിംഗ് പ്രധാനമന്ത്രിയായിരുന്ന അവസരത്തിലാണ് തിരുവനന്തപുരം വിമാനത്താവളത്തെ അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ നിലവാരത്തിലേക്ക് ഉയർത്തുന്ന ആദ്യത്തേയും ഇൻഡ്യയിൽ ആകെയുള്ള അന്തർദേശീയ വിമാനത്താവളങ്ങളിൽ അഞ്ചാമ

LIBRARY ARCHIVES Kerala Legislative Assembly

ത്തേതുമായ വിമാനത്താവളമാണ് തിരുവനന്തപുരം വിമാനത്താവളം. കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തിലെ ഏക വിമാനത്താവളമാണ് ഇത്. കേരളത്തിന്റെ വികസനത്തിനും പ്രത്യേകിച്ച് ടൂറിസം വികസനത്തിനും ഏറെ പ്രതീക്ഷ ഉണർത്തുന്നതാണ് ഈ വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിക്കപ്പെട്ടത്. എയർ ട്രാഫിക് ക്രമേണ വർദ്ധിച്ചു. 1993 ആയപ്പോഴേക്കും എയർപോർട്ടിന്റെ പരമാവധി ശേഷി കഴിഞ്ഞു. പാസഞ്ചർ ഗതാഗതമുണ്ടായി. വാർഷിക വളർച്ചാനിരക്ക് 12% വർദ്ധിച്ചു. എങ്കിലും അതനുസരിച്ചുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിന് ബന്ധപ്പെട്ടവർ നാളിതുവരെ ശ്രമിച്ചിട്ടില്ല. റൺവേയുടെ നീളം കൂട്ടാൻ കൂട്ടാക്കുന്നില്ല. സ്ഥലമെടുപ്പിന്റെ പേര് പറഞ്ഞ് അനിശ്ചിതമായി ഇത് നീട്ടിക്കൊണ്ടു പോകുകയാണ്. ജംബോജെറ്റ് അടക്കമുള്ള വലിയ വിമാനങ്ങൾക്ക് ഇന്ന് തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിൽ ഇറങ്ങാൻ കഴിയുന്നില്ല. മൂന്നു ലക്ഷം യാത്രക്കാർക്കുവേണ്ടിയാണ് 1991-ൽ അന്തർദേശീയ വിമാനത്താവളത്തിന്റെ പ്രവർത്തനമാരംഭിച്ചതെന്നുണ്ടെങ്കിൽ ഇന്ന് പ്രതിവർഷം പന്ത്രണ്ടര ലക്ഷം യാത്രക്കാർ തിരുവനന്തപുരത്ത് വന്നുപോകുകയാണ്. അന്തർദേശീയ സർവ്വീസിനെ ഉപയോഗപ്പെടുത്തുന്ന എട്ടരലക്ഷം ആളുകളും ദേശീയ സർവ്വീസ് ഉപയോഗപ്പെടുത്തുന്ന മൂന്നു ലക്ഷം ആളുകളും ഇന്ന് തിരുവനന്തപുരത്തെ ആശ്രയിക്കുന്നു. കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കുന്ന വിമാനത്താവളങ്ങളിൽ മുൻപന്തിയിൽ നിൽക്കുകയാണ് തിരുവനന്തപുരം വിമാനത്താവളം. 1998-ന്റെ അവസാനത്തിൽ 8 വിമാനക്കമ്പനികളുടെ 63 രാജ്യാന്തര ഫ്ളൈറ്റുകളും 7 കാർഗോ ഫ്ളൈറ്റുകളും ഈ വിമാനത്താവളത്തിൽ വന്നു പോയിരുന്നു.

എന്നാൽ ബോധപൂർവ്വമായിട്ടുള്ള അവഗണന വിമാനത്താവളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് തുരങ്കംവച്ചിരിക്കുകയാണ്. സ്ഥലമെടുപ്പിന്റെ വിഷയത്തിൽത്തന്നെ ബന്ധപ്പെട്ടവർ പുറകോട്ടു പോക്ക് നടത്തിയിരിക്കുന്നു. വിമാനത്താവള വികസനം പാക്കനാൽ ഭാഗത്തുനിന്നുതന്നെയാകണമെന്നും തുടക്കത്തിൽ രാജ്യാന്തര ടെർമിനലിന്റെ നിർമ്മിതിക്ക് വേണ്ട 27 ഏക്കർ സ്ഥലം ഏറ്റെടുത്ത് വിമാനത്താവള അതോറിറ്റിക്ക് കൊടുക്കണമെന്നും എയർപോർട്ട് അതോറിറ്റി ചെയർമാൻ സംസ്ഥാന ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ഇതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കുകയും ചെയ്തു. മുഖ്യമന്ത്രി ചെയർമാനായിട്ട് തിരുവനന്തപുരം എയർപോർട്ട് ഡവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുകയുണ്ടായി. എന്നാൽ 1997 ജൂലൈ 28-ന് വിമാനത്താവള വികസന അതോറിറ്റി രാജ്യാന്തര വിമാനത്താവള വികസനം സാമ്പത്തികമായിട്ട് സാദ്ധ്യതയില്ലാത്തതാണെന്ന് സംസ്ഥാന ഗവൺമെന്റിനെ അറിയിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ പിൻവലിക്കുകയും ചെയ്തു. 1991-ൽ അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിച്ചിട്ട് 1997 ആകുന്ന അവസരത്തിൽ, വർഷങ്ങൾ കഴിഞ്ഞതിനുശേഷം, അതിന്റെ സാദ്ധ്യതയെക്കുറിച്ച് പരിശോധിക്കുന്നതിന് ബന്ധപ്പെട്ടവർ തയ്യാറായി എന്നുള്ളത് വളരെ ദുരൂഹതയുളവാക്കുന്ന ഒരു കാര്യമാണ്. ഇത് സാമാന്യബുദ്ധിക്ക് നിരക്കുന്ന കാര്യമല്ല. വിമാനത്താവള വികസനത്തിനും സ്ഥലമെടുപ്പിനും ബന്ധപ്പെട്ടവരുടെ ഈ നിലപാട് വളരെയധികം തടസ്സങ്ങളുണ്ടാക്കിയിരിക്കുകയാണ്.

ഈ അവസരത്തിലും സംസ്ഥാന ഗവൺമെന്റ് അന്തർദേശീയ വിമാനത്താവളത്തിന്റെ വികസനത്തിന് ഈ ബഡ്ജറ്റിലടക്കം തുക വകയിരുത്തിയിരിക്കുന്നുവെന്നുള്ളത് വളരെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. ഇന്ന് ഒരു രണ്ടാംകിട വിമാനത്താവളത്തിലെ സൗകര്യംപോലും തിരുവനന്തപുരം വിമാ

LIBRARY ARCHIVES Kerala Legislative Assembly

നത്താവളത്തിനില്ല. നിലവിലുള്ള സർവീസുകൾ തന്നെ മാറ്റിക്കൊണ്ടുപോകുകയാണ്. ഇൻഡ്യൻ എയർലൈൻസിന്റെ കാര്യമെടുത്താൽ അപ്രധാനമായിട്ടുള്ള വിമാനത്താവളങ്ങളിൽനിന്ന് പോലും ഇവർ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും തിരുവനന്തപുരത്തെ പാടേ അവഗണിച്ചിരിക്കുകയാണ്. എയർ ഇൻഡ്യ നിലവിലുണ്ടായിരുന്ന സർവീസുകൾ വെട്ടിക്കുറച്ചു. 26 സർവ്വീസുകളുണ്ടായിരുന്നത് ഇപ്പോൾ 9 ആക്കി വെട്ടിക്കുറച്ചു. ഇതുമൂലം കാർഗോ ഇനത്തിൽത്തന്നെ എയർ ഇൻഡ്യക്ക് പ്രതിവർഷം 50 കോടി രൂപ നഷ്ടമുണ്ടാക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. തിരുവനന്തപുരത്തുനിന്നും നിറയെ യാത്രക്കാരുമായി സർവീസ് നടത്തിക്കൊണ്ടിരുന്ന വിമാനങ്ങൾ ഇപ്പോൾ കൊച്ചിയിൽനിന്നും കോഴിക്കോടുനിന്നും പകുതി യാത്രക്കാർമായിട്ടാണ് സർവ്വീസ് നടത്തുന്നത്. ഇതുമൂലം എയർ ഇൻഡ്യക്ക് 250 കോടികളുടെ നഷ്ടമുണ്ടാകുന്നുണ്ട്. ഇത് കയറ്റുമതിയെ സാരമായി ബാധിച്ചിരിക്കുകയാണ്. കൊച്ചിയിൽനിന്നും കോഴിക്കോടുനിന്നും സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന വിമാനങ്ങൾ തിരുവനന്തപുരം വഴി തിരിച്ചുവിടാൻ വ്യോമയാന വകുപ്പ് അടിയന്തിരമായി നടപടിയെടുക്കേണ്ടിയിരിക്കുകയാണ്. തിരുവനന്തപുരത്തുനിന്ന് സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന ഒറ്റ വിമാന സർവീസും ക്യാൻസൽ ചെയ്യാൻ പാടില്ല. അതോടൊപ്പം എയർലങ്ക, ഗൾഫ് എയർ, കുവൈറ്റ് എയർ തുടങ്ങിയവ തിരുവനന്തപുരത്തുനിന്നും കൂടുതൽ സർവീസ് നടത്താൻ തയ്യാറാണെങ്കിലും ബന്ധപ്പെട്ടവർ ഇവർക്ക് അനുമതി നിഷേധിച്ചിരിക്കുകയാണ്. ഇത് ആശാസ്യമായിട്ടുള്ള ഒരു നിലപാടല്ല. അന്താരാഷ്ട്ര വിമാനത്താവള വികസനം പൂർണ്ണമായാൽ ഭക്ഷണത്തിനും ഇന്ധനത്തിനും വേണ്ടി, കിഴക്കു പടിഞ്ഞാറായി ഇപ്പോൾ പറന്നുകൊണ്ടിരിക്കുന്ന പല വിമാനങ്ങളും തിരുവനന്തപുരത്തിറങ്ങും. ഇപ്പോൾ ദേശാന്തരിക വിമാനക്കമ്പികൾ മുംബൈ, കൊളംബോ തുടങ്ങിയ മറ്റ് താവളങ്ങൾ അന്വേഷിക്കുകയാണ്-ഈ സൗകര്യം തിരുവനന്തപുരത്ത് ഇല്ലാത്തതുകൊണ്ടും, കൊടുക്കാത്തതുകൊണ്ടും കാർഗോ വിമാനങ്ങൾ തിരുവനന്തപുരം വഴി തിരിച്ചുവിട്ടാൽ അത് പലരുടെയും നിക്ഷിപ്ത താല്പര്യങ്ങൾക്ക് എതിരാകുമെന്നുള്ളതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റായിരുന്നാലും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ആയിരുന്നാലും ഇത്തരം നിഷേധാത്മകമായിട്ടുള്ള നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുംബൈ വിമാനത്താവളവുമായിട്ട് ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന എയർട്രാഫിക്കിനു ദോഷകരമായി ഇത് ഭവിക്കുമെന്നുള്ളതുകൊണ്ട് ബോംബെ ലോബി തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ വികസനത്തിന് ശക്തമായി എതിർനിൽക്കുകയാണ്. നെടുമ്പാശ്ശേരി വിമാനത്താവളവും തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനവും തമ്മിൽ യാതൊരു ബന്ധവുമില്ല. കണക്കുകൾ പരിശോധിക്കുമ്പോൾ അത് മനസ്സിലാക്കാൻ കഴിയും. കൊല്ലം ജില്ലയിൽപ്പെട്ടവർ, തിരുവനന്തപുരം ജില്ലയിൽപ്പെട്ടവർ, പത്തനംതിട്ട ജില്ലയിൽ പെട്ടവർ, കന്യാകുമാരി ജില്ലയിൽപ്പെട്ടവർ തുടങ്ങി തെക്കൻ കേരളത്തിലെ വിവിധ ജില്ലകളിൽപ്പെട്ട 75 ശതമാനത്തോളം യാത്രക്കാരാണ് ഇന്ന് തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം പ്രയോജനപ്പെടുത്തുന്ന പതിനൊന്നേമുക്കാൽ ലക്ഷത്തോളം വരുന്ന യാത്രക്കാർ. അപ്പോൾ ഇത് രണ്ടുംകൂടി താരതമ്യം ചെയ്തുകൊണ്ടുള്ള, അതുകൊണ്ട് ഇതിന്റെ സാദ്ധ്യത കുറയുന്നുവെന്നുള്ള, വാദത്തിന് യാതൊരു കഴമ്പുമില്ലെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

രണ്ടായിരം മുതൽ നാലായിരത്തോളം സന്ദർശകരും ആയിരത്തോളം യാത്രക്കാരും പ്രതിദിനം ഈ വിമാനത്താവളത്തിൽ വരുന്നുവെന്നുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വാഹനങ്ങൾ പാർക്കുചെയ്യുന്നതിനു വേണ്ടിയുള്ള യാതൊരുവിധ സൗകര്യവുമില്ല. ഇരിക്കാൻ കഴിയുന്നില്ല. ഗൾഫ് സർവ്വീസുകൾ രാവിലെ 6.30 -നും 9.00-നും മദ്ധ്യേയാണ് ഇവിടെയെത്തുന്നത്. മൂന്നു മണിക്കൂർ മുതൽ 5 മണിക്കൂർവരെ യാത്ര ചെയ്തെത്തുന്ന യാത്രക്കാർ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിക്കഴിഞ്ഞാൽ ഒന്നര മണിക്കൂർ മുതൽ മൂന്നു മണിക്കൂർവരെ ഇവിടെ ചുറ്റിത്തിരിഞ്ഞ് നിൽക്കേണ്ട സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഇവർക്ക് ഇരിക്കാൻ സ്ഥലമില്ല. ടോയ്ലെറ്റ് സൗകര്യമില്ല. ചെക്കിംഗ് കൗണ്ടറുകൾ കുറവായതിനാൽ മണിക്കൂറുകൾ വിമാനത്താവളത്തിനുള്ളിൽതന്നെ നിൽക്കേണ്ടിവരുന്നു. ഗൾഫിൽനിന്നും തിരുവനന്തപുരത്ത് വരുന്നതിനുവേണ്ടിയെടുക്കുന്ന സമയത്തെക്കാളധികം അവിടത്തെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം വിമാനത്താവളത്തിൽ യാത്രക്കാർക്ക് എടുക്കേണ്ടിവരികയാണ്. 1999 മാർച്ചിനകം, 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രമാക്കി ഇതിനെ മാറ്റാമെന്ന് സിവിൽ ഏവിയേഷൻ അധികൃതർ സംസ്ഥാന ഗവൺമെന്റിന് ഉറപ്പു നൽകിയിരുന്നതാണ്. അങ്ങേയ്ക്കറിയാം. അങ്ങ് അവിടെ സന്ദർശിച്ചതാണ്. ആ അവസരത്തിൽ വിമാനത്താവള ഡയറക്ടർ 1999 മാർച്ച് മാസത്തിൽ തന്നെ പ്രാദേശിക വികസനം ഉറപ്പുവരുത്താമെന്ന് അങ്ങ് അടങ്ങുന്ന സംഘത്തിന് വാക്ക് നൽകിയതാണ്. അവർ അന്ന് പറഞ്ഞു, ഡിപ്പാർച്ചർ ഏരിയായിലെ സ്ഥല പരിമിതി, എയർ കണ്ടീഷനിംഗ് സംവിധാനത്തിലെ പോരായ്മ, ടോയ്ലെറ്റുകളുടെ കുറവ്, ട്രോളികളുടെ കുറവ്, ട്രാൻസിറ്റ് പാസഞ്ചർ ലൗഞ്ചുകളുടെ, ഇരിപ്പിടങ്ങളുടെ അപര്യാപ്തത തുടങ്ങിയവ മാർച്ചിനകം പരിഹരിക്കാം എന്ന്. എന്നാൽ ഇപ്പോൾ ജൂലൈ ആയ അവസരത്തിലും ആ പ്രശ്നങ്ങൾ അതുപോലെതന്നെ നിലനിൽക്കുകയാണ്. ഈ സംസ്ഥാനത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും, സി.പി.ഐ. അടക്കമുള്ള മുഴുവൻ രാഷ്ട്രീയ പാർട്ടികളും, ഈ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അടുത്ത കാലത്ത് രാജ്ഭവൻ മാർച്ച് നടത്തുകയുണ്ടായി. മുൻ കേരള മുഖ്യമന്ത്രിമാർ ബഹുമാനപ്പെട്ട ഇപ്പോഴത്തെ മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷാംഗങ്ങൾ, ശ്രീ. എം.എം. ഹസ്സൻ അടക്കമുള്ള ആളുകൾ മുൻ പ്രതിപക്ഷനേതാവ് സഖാവ് വി.എസ്. അച്യുതാനന്ദൻ അങ്ങ് അടക്കമുള്ള ആളുകൾ, നടത്തിയ പ്രസംഗങ്ങൾ ഈ നിയമസഭാ നടപടിക്രമങ്ങളിലുണ്ട്. ഈ കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും വികാരമാണ് ഈ പ്രമേയത്തിലൂടെ ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. ജംബോജെറ്റ് അടിയന്തിരമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറങ്ങുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ബോംബെ പോലെ ഡെൽഹി പോലെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തേയും ഗേറ്റ്വേ ആയിട്ട് പ്രഖ്യാപിക്കണം. അതുവഴി ഗൾഫ് യാത്രക്കാർക്ക് 8000 രൂപയുടെ കുറവുണ്ടാകും. അതുപോലെതന്നെ ടൂറിസ്റ്റുകൾക്ക് യാത്രക്കൂലിയിൽ 15,000 രൂപയുടെ കുറവുണ്ടാകും. ഇന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയും സിവിൽ ഏവിയേഷൻ വകുപ്പും കടുത്ത അവഗണനയാണ് നമ്മുടെ വിമാനത്താവളത്തോട് കാണിച്ചുവരുന്നത്. തിരുവനന്തപുരത്തിന് അന്തർദേശീയ വിമാനത്താവളത്തിന്റെ പദവി നിലനിർത്താൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന് സഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. ഇതിനാവശ്യമായിട്ടുള്ള സമ്മർദ്ദങ്ങൾ ചെലുത്തണമെന്ന് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയോടും കേരളാ ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം അനിവാര്യമാണെന്നുള്ളതു സംബന്ധിച്ചും ആ വികസനം നടക്കാത്തതിനെ സംബന്ധിച്ചുമൊക്കെ വളരെ വിശദമായി പ്രമേയ അവതാരിക ഇവിടെ സംസാരിച്ചിട്ടുണ്ട്. ഈ പ്രമേയത്തെ ഞാൻ സന്തോഷം അനുകൂലിക്കുകയാണ്. ഈ അന്താരാഷ്ട്ര വിമാനത്താവളം വികസിപ്പിക്കുന്ന കാര്യത്തിൽ പ്രതിപക്ഷ രാഷ്ട്രീയകക്ഷികളും ഭരണ പക്ഷ രാഷ്ട്രീയ കക്ഷികളും ഏകകണ്ഠമായി അഭിപ്രായം പുറപ്പെടുവിക്കുന്ന വരാണ്. എല്ലാവരും അതിനുവേണ്ടി സമരം ചെയ്യുന്നവരുമാണ്. പക്ഷേ അത് സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല. എന്താണ് അതിന്റെ കാരണം? ആരൊക്കെയോ ഗൂഢമായി ഈ സദുദ്ദേശത്തിനു പിറകിൽ ദുരുദ്ദേശത്തോടുകൂടി ഉണ്ടെന്നു വേണം മനസ്സിലാക്കാൻ. രാജ്യത്ത് അന്താരാഷ്ട്ര വിമാനത്താവളങ്ങളെല്ലാം ആരംഭിച്ചിട്ടുള്ളതും പ്രവർത്തിപ്പിക്കുന്നതും കേന്ദ്രഗവൺമെന്റ് നേരിട്ട് തന്നെയാണ്. അതിന്റെ നിയന്ത്രണവുമുണ്ട്. അതിനാവശ്യമുള്ള ഭൂമിയെടുക്കുന്നതും അതിനാവശ്യമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും കേന്ദ്ര ഗവൺമെന്റ് തന്നെയാണ്. അത് ഡെൽഹി വിമാനത്താവളമായാലും ബോംബെ വിമാനത്താവളമായാലും കൽക്കട്ട വിമാനത്താവളമായാലും ഏത് അന്താരാഷ്ട്ര വിമാനത്താവളമായാലും ഈ വിമാനത്താവളങ്ങളെല്ലാം പ്രവർത്തിപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റ് നേരിട്ടാണ് എന്നുള്ളതുകൊണ്ട് പണം ചെലവഴിക്കുന്നതും അവർതന്നെയാണ്. അതാതു സംസ്ഥാന ഗവൺമെന്റുകൾ ചില്ലറ പശ്ചാത്തല സൗകര്യങ്ങൾ മാത്രമേ ചെയ്തു കൊടുക്കേണ്ടതായിട്ടുള്ളൂ. ഞാൻ മനസ്സിലാക്കുന്നത് ഇതിനാവശ്യമുള്ള അന്താരാഷ്ട്ര ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി 27 ഏക്കർ സ്ഥലം ഏറ്റെടുത്തു കൊടുക്കണമെന്നു കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ട് ഈ ഇടതുപക്ഷ ഗവൺമെന്റ് ഒരു വൈമനസ്യവും കാണിച്ചില്ല. അതിനാവശ്യമായിട്ടുള്ള പണം നീക്കിവച്ചുകൊണ്ട് ഉള്ള തടസ്സങ്ങൾ നീക്കിക്കൊണ്ട് ആ ഭൂമി ഏറ്റെടുത്തു കൊടുക്കാമെന്നാണ് സമ്മതിച്ചിട്ടുള്ളത്. ഇപ്പോഴും സമ്മതിച്ചിട്ടുള്ളത്. ഈ കഴിഞ്ഞ ജനുവരി മാസത്തിൽ മുഖ്യമന്ത്രിയും കേന്ദ്ര സിവിൽ ഏവിയേഷൻ സെക്രട്ടറിയുമൊക്കെ അടങ്ങുന്ന ഒരു സമിതി തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റ് ഹാളിൽ കൂടി ഒരു തീരുമാനമെടുത്തു; ഈ ഭൂമി ഏറ്റെടുത്തുകൊടുക്കുന്നതിന് 30 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന്റെ ബാദ്ധ്യതയായി കേന്ദ്ര ഗവൺമെന്റ് അടിച്ച് ഏൽപ്പിച്ചതുകൊണ്ടുതന്നെ നമ്മുടെ ആവശ്യമെന്നുള്ള നിലയിൽ തന്നെ 30 കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കുന്നുവെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ആ പണം കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണെങ്കിൽ ഇനി റിപ്പോർട്ട് ഉണ്ടാക്കാൻ വേണ്ടി എന്തിനാണ് ഒരു കമ്മിറ്റിയുണ്ടാക്കി ആരെയൊക്കെയോ ചുമതലപ്പെടുത്തിയിരിക്കുന്നത്? ഏതായാലും കൊള്ളാം ഈ റിപ്പോർട്ട് എത്രയും പെട്ടെന്നുതന്നെ ബന്ധപ്പെട്ടവർ ബന്ധപ്പെട്ടവർക്കു നൽകുകയും ആ റിപ്പോർട്ടിൽ മറ്റ് രീതിയിൽ വരാതിരിക്കാനുള്ള ജാഗ്രത നമ്മുടെ ഗവൺമെന്റ് പുലർത്തണമെന്നും മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പാലോട് രവി : സർ, ഈ പ്രമേയത്തിന്റെ സ്പിരിട്ടിനോട് ഞാൻ യോജിക്കുകയാണ്. ഇവിടെ ചർച്ചയല്ല ആവശ്യം. ചർച്ച ധാരാളം വന്നിട്ടുണ്ട്. യാഥാർത്ഥ്യബോധത്തോടുകൂടി സത്യം കണ്ടെത്താൻ ഈ അന്താരാഷ്ട്ര വിമാനത്താവളം മാറിമാറി വന്ന കേന്ദ്രഗവൺമെന്റ് സെക്രട്ടറിമാരും, സിവിൽ ഏവിയേഷൻ വകുപ്പ് സെക്രട്ടറിയും നൽകിയ ഉറപ്പ് പാലിക്കാൻ കേന്ദ്ര ഗവൺമെന്റും സിവിൽ ഏവിയേഷൻ വകുപ്പും ഇന്റർനാഷണൽ എയർപോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റിയും നമ്മുടെ സംസ്ഥാന ഗവൺമെന്റും അലംഭാവം കാണിച്ചിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. അത് ആരെയെങ്കിലും രാഷ്ട്രീയമായി കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. ജാഥകളൊക്കെ ഇഷ്ടംപോലെ നടന്നിട്ടുണ്ട്. പ്രസ്താവനകളും പ്രമേയങ്ങളും ധാരാളം ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ചില വീഴ്ചകൾ ഞാൻ ആദ്യമേ ചൂണ്ടിക്കാണിക്കുകയാണ്.

1. തെങ്ങ് അടക്കമുള്ള 630 വൃക്ഷങ്ങൾ കോമ്പൻസേഷൻ കൊടുത്ത് വെട്ടിമാറ്റണം. ജംബോജെറ്റ് ഇറക്കണമെന്നുള്ളതല്ലേ പ്രധാനപ്പെട്ട കാര്യം. അതിനു നൽകിയ ഒരു നിർദ്ദേശമാണ് 630 വൃക്ഷങ്ങൾ വെട്ടിമാറ്റണമെന്നുള്ളത്. അതിന് കോമ്പൻസേഷൻ കൊടുക്കാൻ തയ്യാറാണ്. പക്ഷേ ഈ നിമിഷംവരെ വെട്ടിമാറ്റൽ നടന്നിട്ടില്ല. ഇവിടെ പറയുന്നു അവരാണ് തടസ്സമെന്ന്. ജംബോജെറ്റ് അഭിമാനകരമായ ഒരു പ്രൊജെക്റ്റാണ്. അതിവിടെ ഇറങ്ങുന്നതിന് 630 മരങ്ങൾ വെട്ടിമാറ്റാൻ 24 മണിക്കൂറിനകം തീരുമാനമെടുക്കാൻ കളക്ടറോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടാൽ തടസ്സങ്ങൾ നീങ്ങുകയില്ലേ? അപ്പോൾ പറയുന്നത് അവിടെ ജയകൃഷ്ണൻ വെട്ടുകത്തിയുമായിട്ട് വന്നിട്ടില്ലെന്നാണ്. ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റി സെക്രട്ടറി വെട്ടുകത്തിയുമായിട്ട് വെട്ടാൻ വന്നില്ലെന്ന്. ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുത്ത് 24 മണിക്കൂർകൊണ്ട് ഈ 630 മരങ്ങളും വെട്ടിമാറ്റാൻ കഴിയുകയില്ലേ? മൂന്നു വർഷം കൊണ്ട് കാത്തിരിക്കുകയാണ്. 630 മരങ്ങൾ വെട്ടിമാറ്റാൻ. പിന്നെ മറ്റൊന്ന് കെ.എസ്.ഇ.ബി; അങ്ങേയ്ക്ക് അറിയാമല്ലോ അങ്ങ് ഇതുമായി ബന്ധപ്പെട്ട് ഒരു റോൾ എടുത്ത ആളാണല്ലോ. കെ.എസ്.ഇ.ബി.യുടെ മൂന്നു പോസ്റ്റുകൾ വലിയ പോസ്റ്റുകൾ ഒന്നര മീറ്റർ ഉയരം കുറയ്ക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ട് ഇതുവരെ ചെയ്തില്ല. അതിന് അവിടെനിന്നും വെട്ടുകത്തിയുമായിട്ട് വരണമെന്നാണ്. സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടതാണ്. ഈ മൂന്നു പോസ്റ്റുകൾ അവർ ഐഡന്റിഫൈ ചെയ്തു. ആ മൂന്നു പോസ്റ്റുകളുടെ ഉയരം കുറച്ചിട്ടില്ല. 3 ടെർമിനലിനുവേണ്ടി 27 ഏക്കർ അക്വയർ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഭാർഗ്ഗവിതങ്കപ്പൻ പറഞ്ഞു. നെടുമ്പാശ്ശേരിയിൽ എത്ര അക്വയർ ചെയ്തു, ഉദ്യോഗസ്ഥന്മാരെ എവിടെനിന്നും കിട്ടി? ആയിരക്കണക്കിനു ഏക്കർ, കോഴിക്കോട് 950 ഏക്കറോളം അല്ലേ അക്വയർ ചെയ്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നാട്ടിൽ മുഖ്യമന്ത്രി മുൻകൈയെടുത്ത് കണ്ണൂരിൽ അക്വിസിഷൻ എന്ത് വേഗത്തിലാണ് നടന്നത്. സ്വതന്ത്ര ഇൻഡ്യയിൽ ആദ്യം ഇന്റർനാഷണൽ എയർപോർട്ടായി പ്രഖ്യാപിച്ച തിരുവനന്തപുരത്തിന് 27 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഒച്ച് ഇഴയുന്ന വേഗതയാണ്. ഞാൻ ഇവിടെ സമയക്കുറവ്കൊണ്ട് ..... ഇവിടത്തെ അക്വിസിഷനുവേണ്ടി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെ പിൻവലിച്ച് വേറെ കാര്യങ്ങൾക്കുവേണ്ടി വിട്ടുകൊടുത്തു. 27 ഏക്കർ സ്ഥലം അക്വിസിഷൻ നടത്താൻ 3 വർഷമായിട്ട് കഴിഞ്ഞില്ലെന്നു പറഞ്ഞാൽ ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റിയെ മാത്രം കുറ്റപ്പെടുത്താൻ പറ്റുമോ? നമ്മുടെ കുറവാണ്. നമ്മുടെ കുറ്റമാണ്. മുഖ്യമന്ത്രി രാഷ്ട്രീയമായി ചെയ്തു എന്ന അഭിപ്രായം എനിക്കില്ല. എന്റെ ഗവൺമെന്റിനും പറ്റിയില്ല. നിങ്ങളുടെ ഗവണ്മെന്റിനും പറ്റിയില്ല. പക്ഷേ മൂന്നു വർഷമല്ല, 5 വർഷം കൊണ്ട് ഇവിടെ 27 ഏക്കർ സ്ഥലം നിങ്ങൾക്ക് അക്വയർ ചെയ്തു കൊടുക്കാൻ കഴിയുകയില്ല. 1500 ഏക്കർ നെടുമ്പാശ്ശേരിയിലും 950 ഏക്കർ കോഴിക്കോടിനും കണ്ണൂരിനും അക്വിസിഷൻ പൂർത്തിയായി. മൂന്നാമത്തെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. എം.പി.മാരുടെ കോൺഫറൻസിൽ ഒരു തവണയെങ്കിലും ഇന്റർനാഷണൽ എയർപോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

അജണ്ടയിൽ ഉൾപ്പെടുത്തിയോ? അദർ ഐറ്റംസിൽ ഉൾപ്പെടുത്തിയോ? ഒരു തവണയെങ്കിലും അങ്ങ് സിവിൽ ഏവിയേഷന്റെയും ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഒരു ചർച്ച നടത്താൻ മുൻകൈയെടുത്തിട്ടുണ്ടോ? മുൻകൈ എടുത്തിട്ടില്ല. അങ്ങേയ്ക്ക് പ്രത്യേക ഇന്ററസ്റ്റ് ഉണ്ടെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ നടന്നിട്ടില്ല.

സർ, ഈ വിമാനത്താവളത്തിന്റെ ബ്ലൂപ്രിന്റ് മൂന്നു മാസത്തിനകം തയ്യാറാക്കാമെന്ന് പറഞ്ഞത് 1993 ആഗസ്റ്റ് മാസത്തിൽ ഡെൽഹിയിൽ 16 എം.പി. മാർ, കേരളത്തിലെ രണ്ടു സംസ്ഥാന മന്ത്രിമാർ, നാലു എം.എൽ.എ.മാർ ഉൾപ്പെടെ പങ്കെടുത്ത, സിവിൽ ഏവിയേഷൻ സെക്രട്ടറിയും, ഇന്റർ നാഷണൽ എയർപോർട്ട് അതോറിറ്റിയുടെ അന്നത്തെ ചെയർമാൻ അർദ്ധനാരീശ്വരനും വിളിച്ചുകൂട്ടിയ യോഗത്തിലാണ്. അന്ന് മത്സരമൊന്നും ഉണ്ടായിരുന്നില്ല. കണ്ണൂർ എം.പി.യും തിരുവനന്തപുരം എം.പി.യും ഉണ്ടായിരുന്നു. 16 എം.പി. മാർ, സ്റ്റേറ്റിന്റെ രണ്ടു മിനിസ്റ്റേഴ്സ്, നാലു എം.എൽ.എ.മാർ പങ്കെടുത്ത യോഗത്തിലാണ് മൂന്നു മാസത്തിനകം ബ്ലൂപ്രിന്റ് ഉണ്ടാക്കണമെന്ന് തീരുമാനിച്ചത്. മൂന്നു മാസം കഴിഞ്ഞു. ബ്ലൂപ്രിന്റ് വന്നില്ല. നിശ്ചയിച്ച സമയത്തിനകത്ത് ഇത് നടക്കാത്തതുകൊണ്ട് വീണ്ടും നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ 1994 ജനുവരിയിൽ കേന്ദ്രമന്ത്രി ശ്രീ. ഗുലാംനബി ആസാദ് തിരുവനന്തപുരത്ത് വന്നു. അദ്ദേഹം ഇവിടെ വന്ന് ഇവിടത്തെ എം.പി.മാരെയെല്ലാം വിളിച്ചു കൂട്ടി ഒരു മീറ്റിംഗ് നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി രണ്ടാം തീയതി സിവിൽ ഏവിയേഷൻ സെക്രട്ടറി വീണ്ടും വന്നു. എന്താണ് അന്നെടുത്ത തീരുമാനം? ഇതിനുള്ള ടെർമിനലിന്റെ വ്യാപ്തി 50 ശതമാനം വർദ്ധിപ്പിക്കുക, ചെക്കിംഗ് കൗണ്ടറും കസ്റ്റംസ് കൗണ്ടറും എമിഗ്രേഷൻ കൗണ്ടറും ഇരട്ടിയാക്കുക, ജെംബോ അടക്കം ഏഴു വിമാനങ്ങൾ ഒരേ സമയം പാർക്ക് ചെയ്യാനുള്ള സൗകര്യം വേണം. ഇപ്പോൾ നാലു വിമാനങ്ങൾക്കേയുള്ളൂ; അത് വർദ്ധിപ്പിക്കുക. ഏത് പ്രതികൂല കാലാവസ്ഥയിലും കോരിച്ചൊരിയുന്ന മഴയത്തും ഇവിടെ ലാന്റ് ചെയ്യുന്നതിനുള്ള Approach Land Lighting സിസ്റ്റമുണ്ടാക്കുക. 1994-ൽ അതിന് സൗകര്യമുണ്ടാക്കാമെന്ന് ഉറപ്പു പറഞ്ഞിരുന്നു. 1995 ജനുവരി മുതൽ വർക്ക് പുരോഗമിക്കുമെന്നും 1995-ൽ അവസാനം കമ്മിഷൻ ചെയ്യുമെന്നും ഉറപ്പു നൽകി. നടന്നില്ല. അവസാനം 1997-ൽ പ്രൊപ്പോസൽ വീണ്ടും 50% ആയി കുറച്ചു. അത് അങ്ങേക്കറിയാം. ആ പ്രൊപ്പോസൽ കുറച്ചതിനുശേഷം പാസഞ്ചർ ലോഞ്ചും എക്സിക്യൂട്ടീവ് ലോഞ്ചും എയർകണ്ടീഷൻ ചെയ്യുന്നതുൾപ്പെടെ ഇവിടെ ചുണ്ടിക്കാണിച്ചതാണ്. ആ കുറച്ച പ്രൊപ്പോസൽ പോലും ഇതുവരെ പൂർത്തിയായിട്ടില്ല. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ ശ്രീമതി ലതാദേവി ഇവിടെ ചുണ്ടിക്കാണിച്ചതുപോലെ തലശ്ശേരിക്കാരനായ ശ്രീ. ജയകൃഷ്ണൻ, അങ്ങേക്കുമറിയാമല്ലോ, അവസാനമെടുത്ത തീരുമാനമെന്താണ്? ശ്രീ. ജയകൃഷ്ണൻ പറഞ്ഞത് വിമാനത്താവളം 24 മണിക്കൂറും പ്രവർത്തിക്കും. 1997-ൽ പണി നടക്കും. റെയിൽവേ വികസനം, ജെംബോ അടക്കമുള്ളതിന് പാർക്കിംഗ് സൗകര്യങ്ങളൊക്കെ കമ്മിഷൻ ചെയ്യും. ഇതൊന്നും ഇവിടെ നടന്നില്ല. എനിക്ക് മുഖ്യമന്ത്രിയോടു പറയാനുള്ളത് ഏകകണ്ഠമായി നിവേദനം പാസ്സാക്കി അങ്ങോട്ട് അയച്ചുകൊടുക്കുന്നതോടൊപ്പം..... ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഇവിടെ പറഞ്ഞില്ലേ 25 കോടി രൂപ കണ്ണൂരിന് കൊടുത്തില്ലേ, 30 കോടി രൂപ ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി എന്ന്. ഒരു ഫൈസ ലാന്റ് അക്വിസിഷനുവേണ്ടി കൊടുത്തിട്ടുണ്ടോ? 30 കോടി രൂപ കൊടുത്തു എന്ന് പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പൈസ പോലും കൊടുത്തിട്ടില്ല. അതുകൊണ്ട് അങ്ങ് അടിയന്തിരമായി എം.പി.മാരുടെ കോൺഫറൻസ് വിളിച്ചുകൂട്ടണം. ഒരു നഷ്ടവും നമുക്ക് വരാനില്ല. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കൊച്ചിയിൽ വന്നതു കൊണ്ടും കോഴിക്കോട് വന്നതുകൊണ്ടും ഒരു കുറവും സംഭവിക്കാൻ പോകുന്നില്ല. ഇപ്പോൾ ലേറ്റസ്റ്റായിട്ട് വന്നിരിക്കുന്ന സർവ്വേ അനുസരിച്ച് വമ്പിച്ച ലാഭത്തിൽ എയർ മാൽഡീവ്സും കുവൈറ്റ് എയർവേയ്സും ഗൾഫ് എയറും ഖത്തർ ഒമാൻ എയറും ഇപ്പോൾ കോളടിച്ചിരിക്കുകയാണ്. വമ്പിച്ച ലാഭമുണ്ടാക്കി. എല്ലാ എയർവേയ്സും വമ്പിച്ച ലാഭമുണ്ടാക്കി. സൗത്ത് ഇൻഡ്യയിൽ വമ്പിച്ച ലാഭമുണ്ടാക്കിക്കൊണ്ടു പോകാൻ കഴിയുന്ന ഈ ഇന്റർ നാഷണൽ വിമാനത്താവളം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു ഉന്നതതല യോഗം എം.പി.മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഡെൽഹിയിൽ വിളിച്ചുകൂട്ടാൻ തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ശ്രീമതി ലതാദേവി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഞാൻ ദീർഘമായി ഒന്നും സംസാരിക്കാനാഗ്രഹിക്കുന്നില്ല. പ്രവർത്തിക്കുകയാണ് വേണ്ടത്.

മി. സ്പീക്കർ : പാസ്സാക്കിയിട്ടും കാര്യമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സംസാരത്തിന്റെ കാര്യത്തിൽ നമ്മൾ ആരുംതന്നെ മോശക്കാരല്ല. നമ്മളെല്ലാം വിമാനത്താവളത്തിനുവേണ്ടി ധാരാളം സംസാരിച്ചിട്ടുണ്ട്. പക്ഷേ കാര്യങ്ങൾ നടക്കുന്നില്ല. എന്തുമാത്രം അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിക്കുന്നുണ്ട്? മത്സരിച്ച് ജാഥകൾ നടത്തുന്നുണ്ട്. നിരന്തരമായി പ്രകടനങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുന്നുണ്ട്. സ്റ്റേറ്റുമെന്റുകൾക്കൊന്നും ഒരു കുറവുമില്ല. പക്ഷേ ഈ തലസ്ഥാന നഗരത്തിലെ ഈ വിമാനത്താവളം ഒരു രണ്ടാംകിട വിമാനത്താവളമായി ഇന്ന് മാറിക്കഴിഞ്ഞിരിക്കുകയാണ്. രാജ്യാന്തര വിമാനത്താവളമെന്നുള്ള നില പോയിട്ട് രാജ്യത്തിലെ രണ്ടാംകിട വിമാനത്താവളത്തിന്റെ സൗകര്യങ്ങൾ പോലുമില്ലാത്ത വിധത്തിലേക്ക് അധഃപതിച്ചിരിക്കുകയാണ്. ഞാൻ പറയുന്നത് ഈ വിമാനത്താവളത്തിന്റെ വികസനം കേരളത്തിന്റെ വികസനമായിക്കാണാൻ ഈ ഗവണ്മെന്റിന് കഴിയണം. ഈ സംസ്ഥാനത്തിന്റെ വികസനമാണ് ഈ വിമാത്താവളത്തിന്റെ വികസനമെന്നു കണ്ടുകൊണ്ട് ഈ സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ ശക്തിയും സമാഹരിച്ച് വിമാനത്താവള വികസനം ദ്രുതഗതിയിൽ നടക്കുന്നതിനാവശ്യമായ ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ചില കാര്യങ്ങളിൽ നമുക്കു മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 27 ഏക്കർ സ്ഥലത്തിന്റെ കാര്യം പറഞ്ഞു. ഈ 27 ഏക്കർ സ്ഥലമെടുത്തുകൊടുക്കുകയെന്നു പറയുന്ന നടപടി പൂർത്തീകരിക്കാൻ കാലതാമസം വന്നിരിക്കുകയാണ്. അതിനൊന്നും യാതൊരു ന്യായീകരണവുമില്ല. ഒരു ന്യായമായി ചൂണ്ടിക്കാണിക്കുന്നത് എയർപോർട്ട് അതോറിറ്റിയുടെ സെക്രട്ടറിയുടെ കത്താണ്-വികസന പ്രവർത്തനങ്ങൾ തൽക്കാലം നിർത്തിവച്ചിരിക്കുന്നു എന്നു പറയുന്ന കത്ത്. അത് നിർത്തിവച്ചിരിക്കുന്നതിലൊന്നും യാതൊരു ന്യായീകരണവുമില്ല. 27 ഏക്കർ സ്ഥലമെടുത്തു കൊടുക്കണം. കൂടാതെ അതിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായി പറയുന്ന രണ്ടാം ഘട്ട

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് ആവശ്യമായിട്ടുള്ള സ്ഥലമെടുത്തു കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള പണം സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നും കണ്ടെത്താൻ വേണ്ടി തയ്യാറാകണമെന്ന കാര്യത്തിൽ സംശയമില്ല. അതു ചെയ്തുതന്നെ തീരണം. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റേയും കോഴിക്കോട് വിമാനത്താവളത്തിന്റേയും കാര്യങ്ങളിലൊന്നും നമുക്ക് തർക്കമില്ല. അത് വികസിച്ചോട്ടെ. പക്ഷേ അതൊന്നും തന്നെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളായി ഇവിടെ പൂണ്ടിക്കാണിക്കാൻ നമുക്ക് അനുവദിക്കാൻ പാടില്ല. സ്വാതന്ത്ര്യത്തിനുശേഷം ഇൻഡ്യയിൽ തന്നെ ഒരു ഗവൺമെന്റ് അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ച ഏക വിമാനത്താവളമാണിത്. ഇതാണ് കേരളത്തിലെ ആദ്യത്തെ വിമാനത്താവളം. ആ വിമാനത്താവളം തലസ്ഥാന നഗരിയിലെ വിമാനത്താവളമാണ്. ആ വിമാനത്താവളം വികസിക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. അതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ഞാൻ ശ്രീമതി ലതാദേവിയും ശ്രീ. പാലോടു രവിയും പൂണ്ടിക്കാണിച്ച വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ഇൻഡ്യയിൽ തന്നെ കൂടുതൽ ലാഭകരമായി പ്രവർത്തിക്കുന്ന, കൂടുതൽ വരുമാനമുള്ള മൂന്നാമത്തെ വിമാനത്താവളമാണ് ഈ വിമാനത്താവളം. പിന്നെ എന്താണ് ഈ വിമാനത്താവളത്തിന്റെ വികസനത്തിൽ ഇങ്ങനെ കൊള്ളിവയ്ക്കുന്നത്? അന്യോന്യം പ്രതിപക്ഷത്തും ഭരണപക്ഷത്തുമിരിക്കുന്ന ആളുകൾ പഴി പറയുന്നതിൽ അർത്ഥമില്ല. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നുള്ള കാര്യം സത്യമാണ്. ആ സത്യം നമുക്ക് ഇവിടെ പറയുന്നതിലൊന്നും വിഷമമില്ല. അങ്ങനെ പഴി പറയുന്നതിനേക്കാൾ പ്രധാനം നമുക്ക് ഒരുമിച്ചു നിന്നുകൊണ്ട്, കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമാണത്, തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം വലിയ പരാതിയുണ്ട്. എല്ലാവരും അവഗണനയാണ് എന്നുള്ള പരാതി പറയുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, നാഗർകോവിൽ തുടങ്ങിയ എല്ലാ ജില്ലകൾക്കും വേണ്ടിയുള്ള ഒരു സംഗതിയാണിത്. എല്ലാവർക്കും പരാതിയുണ്ട്. അന്താരാഷ്ട്ര വിമാനത്താവളം മാത്രമല്ല, ഹൈക്കോടതി ബഞ്ചിന്റെ കാര്യത്തിലും ഒരുതീരുമാനവുമെടുക്കാൻ കഴിയുന്നില്ല എന്നുള്ള നിലയിൽ നമുക്ക് ശക്തിയായിട്ടുള്ള ആക്ഷേപമുണ്ട്. ഇത് ഏതെങ്കിലുമൊരു പ്രത്യേക രാഷ്ട്രീയ പാർട്ടിയെ ബാധിക്കുന്ന പ്രശ്നമല്ല. എല്ലാ നേതാക്കളും ഇവിടെ വരികയും താമസിക്കുകയും, തിരുവനന്തപുരത്തിന്റെ എല്ലാ സൗകര്യങ്ങളും അനുഭവിക്കുകയുമൊക്കെ ചെയ്യുന്നവരാണ്. അപ്പോൾ തിരുവനന്തപുരം അവരുടെ നാടാണ്. അവരുടെ പ്രതിനിധികളൊക്കെ അവിടെയല്ലെങ്കിൽപോലും തിരുവനന്തപുരം അവരുടെ സ്വന്തം സ്ഥലമാണ്. അതുകൊണ്ട് അങ്ങനെ കണ്ടുകൊണ്ട് തിരുവനന്തപുരത്തിന്റെ വികസനം ഏറ്റവും പ്രധാനമാണ്. മുന്തിയതാണ് എന്നു കണ്ടുകൊണ്ട് പോകാൻവേണ്ടിയുള്ള ഒരു സൻമനസ്സ് നമുക്കെല്ലാമുണ്ടാകണം. ശ്രീ. എ.കെ. ആന്റണി ആയിരുന്നാലും ശ്രീ. ഇ.കെ. നായനാർ ആയിരുന്നാലും ശ്രീ. കരുണാകരനായിരുന്നാലും അദ്ദേഹം ഈ കേരളത്തിന്റെ മുഖ്യമന്ത്രി എന്നുള്ള നിലയിൽ അദ്ദേഹത്തോടുതന്നെയാണ് ഈ കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് തിരുവനന്തപുരം ഈ സംസ്ഥാനത്തിന്റെ തലസ്ഥാനമെന്നുള്ള നിലയിൽ ഒരു പ്രത്യേക പരിഗണന ഉണ്ടാകണം. ഏത് തലസ്ഥാനത്തിനാണ് ആ പരിഗണന കൊടുക്കാത്തത്? അതോ പ്രത്യേക പരിഗണന കൊടുക്കുന്നത് ഒരു സങ്കുചിതമായിട്ടുള്ള പ്രാദേശികവാദമാണോ? ഒരിക്കലും അല്ലല്ലോ. തലസ്ഥാനം ഇവിടെ ആയതുകൊണ്ടാണല്ലോ ഈ വാദം നമുക്ക് വേണ്ടിവരുന്നത്. അപ്പോൾ അത് സങ്കുചിതമാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള, പ്രാദേശികമായിട്ടുള്ള കാര്യമൊന്നുമല്ല. ബഹുമാനപ്പെട്ട സ്പീക്കർക്കു തന്നെ അറിയാം. ശ്രീമതി ലതാദേവി ഇവിടെ ചൂണ്ടിക്കാണിച്ചു. നമുക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ടോ? നമുക്ക് എന്താണ് ചെയ്യാൻ കഴിയുക? കേരളം ഇൻഡ്യയുടെ ഭാഗമല്ലേ? ഇന്ത്യയുടെ ഭാഗമായിട്ടുള്ള കേരളത്തിലെ പ്രധാനപ്പെട്ട രാജ്യന്തര വിമാനത്താവളത്തിനുള്ള പരിമിതിയ്ക്കുള്ളിൽനിന്നുകൊണ്ട് ചെയ്തുകൊടുക്കാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കാമെന്ന് വാക്ക് തന്നിട്ട് ചെയ്തില്ലെന്നുണ്ടെങ്കിൽ മിണ്ടാണ്ടിരിക്കലാണോ വേണ്ടത്? മാർച്ച് മാസത്തിനു മുമ്പ് പരിമിതമായിട്ടുള്ള സൗകര്യങ്ങൾ ക്രമപ്പെടുത്താമെന്ന് എയർപോർട്ട് അതോറിറ്റിയും എയർപോർട്ട് മാനേജരുമെല്ലാം അങ്ങേയ്ക്ക് അടക്കമുള്ള നിവേദക സംഘത്തിന് ഉറപ്പുതന്നിട്ട് എന്തെങ്കിലും ചെയ്യാൻ അവർ തയ്യാറായിട്ടുണ്ടോ? അവർ ഒന്നും ചെയ്തില്ലല്ലോ. അതുകൊണ്ട് നിശ്ചയമായിട്ടും അത് കണ്ടിട്ട് മിണ്ടാണ്ടിരിക്കുകയല്ല വേണ്ടത്, നമ്മുടെ അഭിപ്രായം ശക്തിയായി കേന്ദ്രത്തെ അറിയിക്കണം. ഈ കേരളമെന്ന് പറയുന്നത് ഇൻഡ്യാ രാജ്യത്തിന്റെ ഭാഗമാണെന്നും 100 കോടിയോളം വരുന്ന ഇൻഡ്യാക്കാരുടെ ഭാഗമാണ് കേരളത്തിലെ 3 കോടി ജനങ്ങളെന്ന് ഈ ഇൻഡ്യാ ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താനുള്ള ഒരു ബാദ്ധ്യത നിശ്ചയമായിട്ടും നമുക്കുണ്ട്. നമുക്ക് ഒറ്റക്കെട്ടായി ബോദ്ധ്യപ്പെടുത്താൻ കഴിയണമെന്നാണ് എനിക്ക് പറയാനുള്ളത്. എയർ ഇൻഡ്യയിൽ വിവിധ വിമാന സർവ്വീസുകൾ തിരിച്ചുവിടുകയാണ്. വീണ്ടും ഇത് നാശോന്മുഖത്തിലേക്ക് പോകുകയാണ്. അടിയന്തിരമായിട്ട് ഇടപെടാൻ കഴിയുകയില്ലെന്നുണ്ടെങ്കിൽ, സംസ്ഥാനത്തിലെ എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളും രാഷ്ട്രീയത്തിനതീതമായി നിന്നുകൊണ്ട് വളരെ ശക്തമായി ഇടപെടാൻ കഴിഞ്ഞില്ലെന്നുണ്ടെങ്കിൽ ആ പഴയ അവസ്ഥയിലേക്ക് മഹാരാജാവിന്റെ കാലത്ത് ഒരു ഡക്കോട്ട വിമാനം പറപ്പിച്ചുകൊണ്ട് ആരംഭിച്ച അവസ്ഥയിലേക്ക് ഈ തിരുവനന്തപുരം വിമാനത്താവളം എത്തിച്ചേരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതുകൊണ്ട് നിശ്ചയമായിട്ടും ഗവൺമെന്റ് ഇടപെടണം. ഗവൺമെന്റ് മുമ്പിൽ നിന്ന് എന്താണ് ചെയ്യാനുള്ളത് അത് എല്ലാം ചെയ്യണം. ഇത് കേരളത്തിലെ 3 കോടി വരുന്ന ജനങ്ങളുടെ ആവശ്യമാണെന്നുള്ള നിലയിൽ ഈ കാര്യം പരിഗണിക്കണമെന്നാണ് വിനയപൂർവ്വം എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ശ്രീമതി ലതാദേവി ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണ്. ഈ പ്രശ്നത്തിന്റെ കാര്യം എല്ലാവർക്കും അറിയാം. ഇന്ത്യയിലെ ചരിത്രത്തിൽ ആദ്യമായിരിക്കും നിയമസഭാ സ്പീക്കർ തന്നെ ഈ പ്രശ്നത്തിൽ നേരിട്ട് ഇടപെടുന്നത്. അങ്ങയുടെ വാക്കുകൾ തന്നെ ഞാൻ ഉദ്ധരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം പ്രാദേശിക കാര്യമായിട്ട് കാണേണ്ടതില്ല. കേരളത്തിന്റെ വികസന അജണ്ടായിൽ പ്രഥമസ്ഥാനം ഇതിന് നല്കണം. ഇതിൽ തന്നെയുണ്ട് എല്ലാം. കേരളത്തിന്റെ ഡെവലപ്മെന്റ് അജണ്ടായിലെ ഒന്നാമത്തെ ഇനമായി ഇത് എടുക്കണമെന്നുള്ളതാണ് അങ്ങയുടെ തന്നെ വാക്യം. ഇവിടെത്തന്നെ സംസാരിച്ചത്, അങ്ങോട്ടുമിങ്ങോട്ടും ആക്ഷേപം ഉന്നയിച്ചിട്ട് കാര്യമില്ല. നിങ്ങൾ എല്ലാം ശരിയായിട്ട് ചെയ്തുവെന്നുള്ള അഭിപ്രായം നമുക്കില്ല, ശ്രീ. പാലോട് രവി പറഞ്ഞതുപോലെ, God helps those who help themselves- ദൈവം തന്നെ സഹായിക്കും ശരിക്കും അദ്ധ്വാനിക്കുന്നവരെ. നിങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചാൽ? ഇപ്പോൾ പ്രമേയത്തിൽ ലതാദേവി പറഞ്ഞത് മാറിമാറി വരുന്ന കേന്ദ്രഗവൺമെന്റുകൾ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ടോ? നിങ്ങൾ ചെയ്തിട്ടുണ്ടോ? ശ്രീ. ആന്റണി രാജു ഹിന്ദുവിന് കൊടുത്ത ഇന്റർവ്യൂവിൽ പറഞ്ഞത് എന്താണെന്ന് വച്ചാൽ " There will be a resistence from the locals as in implementing other projects. Government can overcome it. What we need is the political will. " അതില്ല, അതാണ് വേണ്ടതെന്നാണ് ആന്റണി രാജു പറയുന്നത്. ആന്റണിരാജു തുടർന്ന് പറയുകയാണ്, " It is the CPI(M) which should take initiative for land acquisition and securing funds. " നിങ്ങൾ ചെയ്യുന്നില്ലല്ലോ. പ്രമേയത്തിൽ, മാറിമാറിവരുന്ന കേന്ദ്ര ഗവൺമെന്റ് എന്ന് പറഞ്ഞിട്ട് കുട്ടിയെ അങ്ങോട്ട് കൈമാറിയിട്ട് എന്താണ് കാര്യം? ചെയ്യേണ്ട ജോലി അവനവൻ തന്നെ ചെയ്യുന്നില്ല, എന്നിട്ട് കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? നിങ്ങൾ ചെയ്തില്ല എന്നല്ല, നമ്മൾ കൂട്ടായിട്ട് ചെയ്യണം, അതിനോട് പൂർണ്ണമായി യോജിക്കുകയാണ്. 12 ശതമാനം ട്രാഫിക് ഗ്രോത്താണ്. 120 എയർപോർട്ടുകളിൽ റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ 3-ാം സ്ഥാനത്ത് നില്ക്കുകയാണ്. ചില കണക്കുകൾ പറയുന്നത് ഒന്നാം സ്ഥാനം വരെ പോകുന്നുവെന്നാണ്. ആ സ്വഭാവത്തിൽ നിൽക്കുന്ന ഒരു വിമാനത്താവളം, ഈ വിമാനത്താവളത്തിന്റെ 190 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളിലാണ് മുരടിച്ചു കിടക്കുന്നത്. ആരാണ് ഉത്തരവാദി? ഇവിടെ ബോംബെ ലോബിയെക്കുറിച്ചു പറഞ്ഞു. ബോംബെ ലോബി ഉണ്ടാകുമല്ലോ, ബോംബെ ലോബി സ്വാഭാവികമല്ലേ? അവർക്ക് ഇതൊക്കെ ഉണ്ടാകുമല്ലോ. ബോംബെ ലോബി അടക്കമുള്ള ആളുകൾ ഇതിന് നിൽക്കുന്ന സമയത്ത് സ്റ്റേറ്റ് ഗവൺമെന്റിനോട് ആന്റണി രാജു പറഞ്ഞതുപോലെ ഒരു പൊളിറ്റിക്കൽ വിൽ ഉണ്ടോ ഇല്ലയോ? പൊളിറ്റിക്കൽ വിൽ ഉണ്ടെങ്കിൽ നിങ്ങൾ ചെയ്യണം, ഞങ്ങളും ആ കാര്യത്തിൽ ചെയ്യാം. എല്ലാവരും ആ കാര്യത്തിൽ കൂട്ടായിട്ട് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണ്. ആഴ്ചയിൽ 76 ഫ്ലൈറ്റോളം ഓപ്പറേറ്റ് ചെയ്യുന്ന ഈ എയർപോർട്ടിൽ രാത്രി വിമാനം ഇറങ്ങാനുള്ള എല്ലാ സൗകര്യവുമുണ്ടായിട്ടും സന്ധ്യ കഴിഞ്ഞ് പലപ്പോഴും വിമാനത്താവളം അടച്ചിടുന്നത് നമുക്ക് കാണാൻ കഴിയും. നെടുമ്പാശ്ശേരിയും കോഴിക്കോടും വന്നതിന്റെ ഫലമായിട്ട് എന്ന് പറയുന്നത് തെറ്റാണ്, നെടുമ്പാശ്ശേരിയുടെ കാര്യവും കോഴിക്കോടിന്റെ കാര്യവും വ്യത്യസ്തമാണ്. കാരണം പരസ്പര പൂരകങ്ങളായിട്ടുള്ള ഈ മൂന്ന് ഇന്റർനാഷണൽ എയർപോർട്ടും പ്രവർത്തിക്കുകയാണെങ്കിൽ എല്ലാത്തിനും മെച്ചമുണ്ടാകും. ടൂറിസ്റ്റിന്റെ കാര്യവും കച്ചവടത്തിന്റെ കാര്യവും എടുത്തു നോക്കുകയാണെങ്കിൽ, ഇന്നലെ മനോരമ പത്രത്തിലെ ഒരു ലേഖനത്തിൽ വായിച്ചത്, ഇന്ത്യയിലെ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ കാശ്മീരിൽനിന്നും മാറി കേരളമായി. കാശ്മീരിലേയ്ക്ക് ഈ വർഷം ഒറ്റ ആളും പോയില്ല, നമ്മുടെ നാട്ടിലേയ്ക്കാണ് വരുന്നത്. ആ വിധത്തിൽ നമുക്ക് ധാരാളം വികസന സാദ്ധ്യതയുണ്ട്. ആ വികസന സാദ്ധ്യത നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അത് ശരിക്കും ഉപയോഗപ്പെടുത്തിയിട്ട് കൂട്ടായിട്ട് പരിശ്രമിക്കണം. എല്ലാ വിധത്തിലും പരിശ്രമിച്ചിട്ട് ഇത് യാഥാർത്ഥ്യമാക്കാൻവേണ്ടി, എല്ലാ തടസ്സങ്ങളും നീക്കാൻ വേണ്ടി കൂട്ടായിട്ടുള്ള പരിശ്രമം വേണമെന്ന് പറഞ്ഞുകൊണ്ട് നിറുത്തുകയാണ്.

<u>ശ്രീ. ആന്റണി രാജു</u> : സർ, തിരുവനന്തപുരം വിമാനത്താവളത്തെ തുരങ്കം വയ്ക്കുന്ന സമീപനമാണ് കാലാകാലങ്ങളിൽ മാറിമാറി വന്നിട്ടുള്ള കേന്ദ്രഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ളത്. ഈ പ്രമേയം കൊണ്ടുമാത്രം കേന്ദ്രഗഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരുമെന്നുള്ള പ്രതീക്ഷ നമുക്കൊന്നുമില്ല. അങ്ങ് തന്നെ എത്രയോ ശ്രമം കഴിഞ്ഞ 3 വർഷത്തിനിടയ്ക്ക് നടത്തിയിട്ടുണ്ടെന്ന് കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ ബോദ്ധ്യമാണ്. കേര

LIBRARY ARCHIVES Kerala Legislative Assembly

ളത്തിൽ എവിടെയെല്ലാം എത്ര വിമാനത്താവളങ്ങൾ വന്നാലും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ, നിയന്ത്രണത്തിലുള്ള ഏക രാജ്യാന്തരവിമാനത്താവളമായ തിരുവനന്തപുരത്തിന്റെ പ്രാധാന്യം ഇല്ലാതാക്കാൻ കഴിയുന്നില്ല എന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. IKIN ന്റെ ഏറ്റവും ഒടുവിലത്തെ പഠനം കാണിക്കുന്നത് യാത്രക്കാരുടെ ഇപ്പോഴത്തെ വളർച്ച നിരക്കായ 17 ശതമാനം തുടർന്നാൽപോലും ഇപ്പോഴത്തെ 8 ലക്ഷത്തിൽനിന്നും 2010 ആകുമ്പോൾ യാത്രക്കാരുടെ എണ്ണം 22 ലക്ഷമായി തിരുവനന്തപുരം വിമാനത്താവളത്തിൽ വർദ്ധിക്കും. നെടുമ്പാശ്ശേരിയും കോഴിക്കോടും എത്ര വികസിച്ചാലും 12 ശതമാനത്തിൽനിന്നും പരമാവധി 7 ശതമാനം കുറഞ്ഞാൽ പോലും കണക്കുകൾ കാണിക്കുന്നത് എങ്ങനെ വന്നാലും 2010 ആകുമ്പോൾ ഇപ്പോഴത്തെ 8 ലക്ഷത്തിൽനിന്നും 12 ലക്ഷമായി തിരുവനന്തപുരം വിമാനത്താവളത്തിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുമെന്നാണ്. ലാന്റ് അക്വിസിഷന്റെകാര്യം ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ 35 വർഷക്കാലമായി 230 ഏക്കർ ഭൂമി മരവിപ്പിച്ചിട്ടിരിയ്ക്കുകയാണ്. എല്ലാ ഗവൺമെന്റുകൾക്കും എല്ലാ പാർട്ടികൾക്കും ഈ വിമാനത്താവളത്തിന്റെ ഈ അവസ്ഥയ്ക്ക് ഉത്തരവാദിത്വമുണ്ട്. പ്രതിപക്ഷനേതാവും ശ്രീ. കെ കരുണാകരനും ആരും അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞാൻ സി.പി.എം-ന്റെ കാര്യം പറഞ്ഞു, സി.പി.എം. നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ ഭരിക്കുന്നത്. ജനങ്ങൾക്ക് ആകെ പ്രതീക്ഷയുള്ളത് ഈ ഗവൺമെന്റിലാണ്. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും എന്തെങ്കിലും നടക്കുമെന്നാണ്. കാരണം, നിങ്ങളുടെ യു.ഡി.എഫിന്റെ കാലത്ത് നടക്കുകയില്ലെന്നുള്ളതുകൊണ്ടാണ് ആരും പറയാതിരുന്നത്. ഇപ്പോഴെങ്കിലും ഇതു നടപ്പിലാകുമെന്നുള്ള പ്രതീക്ഷയാണ് നമുക്കുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കാത്ത ഏക രാജ്യാന്തര വിമാനത്താവളമെന്ന ' ബഹുമതി' തിരുവനന്തപുരത്തിനാണ്. 1-3-1999 മുതൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കാമെന്ന് സിവിൽ ഏവിയേഷൻ സെക്രട്ടറി ബഹു: മുഖ്യമന്ത്രിയ്ക്കും ബഹു: സ്പീക്കർക്കും നല്കിയ ഉറപ്പ് ഇന്ന് കാറ്റിലാണ്. അത് ഇന്ന് പ്രായോഗികമായിട്ടില്ല. നൈറ്റ് ലാന്റിംഗ് സൗകര്യമുണ്ടാക്കാൻ നടപടി കൈക്കൊള്ളുമെന്നു പറഞ്ഞതു നടന്നിട്ടില്ല. ജംബോ ഇറങ്ങാൻ 600 മരങ്ങൾ മുറിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട രവിയോട് ഞാൻ പറയുന്നു, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് ഈ മരങ്ങൾ മുറിക്കേണ്ടത്. മരങ്ങളുടെ വാല്യൂവേഷൻ പൂർത്തിയാക്കിക്കൊടുത്തുക്കഴിഞ്ഞു. മുട്ടാപോക്ക് ന്യായം മാത്രം പറഞ്ഞുകൊണ്ട്, എയർപോർട്ട് അതോറിറ്റി തടസ്സമുന്നയിക്കുന്നു. നമ്മുടെ എയർപോർട്ടിനെ തുരങ്കം വയ്ക്കാനുള്ള സമീപനമാണ്. ബോംബെയിലും മദ്രാസിലും വന്നിറങ്ങുന്ന യാത്രക്കാരോട് കസ്റ്റംസ് തീരുവ ഈടാക്കുന്നതിന്റെ എത്രയോ ഇരട്ടി തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങുന്ന യാത്രക്കാരിൽനിന്നും ഈടാക്കുന്നു, ഇത് മനപൂർവ്വമാണ്. ഈ വിമാനത്താവളത്തെ തകർക്കാനാണ്. ഇല്ലാത്ത കണക്കുകൾ കാണിച്ച്, നഷ്ടത്തിന്റെ കണക്കുകൾ പറയുന്നു. സർവ്വീസുകൾ സമ്മർദ്ദം ചെലുത്തണം. തിരുവനന്തപുരം, നെടുമ്പാശ്ശേരി കോഴിക്കോട് ഇതിനെ കണക്ട് ചെയ്തുകൊണ്ട് അങ്ങ് പറഞ്ഞതുപോലെ ഇതിനെ ഗേറ്റ്വേ ആക്കി ലിങ്ക് സർവ്വീസ് ആരംഭിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടണം. അതുപോലെ വിമാനത്താവളത്തിന്റെ വികസനത്തിന് എൽ.ഡി.എഫ് ഗവൺമെന്റ് മുന്തിയ പരിഗണന കൊടുത്തുകൊണ്ട് ഏറ്റവും വലിയ പ്രാധാന്യം അടുത്ത കേരളത്തിന്റെ വികസനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിന് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാവണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി : സർ, സംസ്ഥാനത്തിന്റെ പൊതുവിഷയം എന്ന നിലയിലും ശ്രീമതി ലതാദേവി സൂചിപ്പിച്ചതുപോലെ കക്ഷിരാഷ്ട്രീയ പാർട്ടിയോടൊപ്പം സി.പി.ഐ. സമരം ചെയ്യുന്നുവെന്നുള്ളതുകൊണ്ടും ഈ പ്രമേയത്തോട് പൂർണ്ണമായി ഞാൻ യോജിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസന കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയിലും സിവിൽ ഏവിയേഷൻ അധികൃതരും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലും കുറ്റകരമായ അനാസ്ഥയാണ് കാണിച്ചുക്കൊണ്ടിരിക്കുന്നത് എങ്കിലും ഇതിന്റെ വികസനത്തിന് സംസ്ഥാന ഗവൺമെന്റാണ് തടസ്സം നില്ക്കുന്നതെന്ന് വരുത്തിത്തീർക്കാനുള്ള ചില ശ്രമങ്ങളാണ് നടന്നുവരുന്നത്. അതുകൊണ്ട് എനിക്കൊന്ന് സൂചിപ്പിക്കുവാനുള്ളത്, നമ്മൾ ചെയ്യേണ്ട ചെറിയ കാര്യങ്ങൾ, സ്ഥലമെടുപ്പ് കാര്യത്തിലായാലും, മരങ്ങൾ മുറിയ്ക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്ന കാര്യത്തിലായാലും ശരി സംസ്ഥാനം ചെയ്യേണ്ട കാര്യങ്ങൾ യോജിച്ച് നിന്ന് ചെയ്ത് തീർത്ത് എത്രയും വേഗം വികസനകാര്യത്തിൽ ആവശ്യമായ സമ്മർദ്ദം കേന്ദ്രഗവൺമെന്റിൽ ചെലുത്തുന്നതിനുവേണ്ട നടപടി ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടേയും എല്ലാ രാഷ്ട്രീയപാർട്ടിയുടെയും ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഇന്ത്യ സ്വതന്ത്രമായി നാലര പതിറ്റാണ്ട് കഴിഞ്ഞിട്ടും 1991-ൽ ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തോടും പ്രകടിപ്പിക്കാത്ത താൽപ്പര്യം പ്രകടിപ്പിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ വർഷങ്ങളായിട്ടുള്ള അഭ്യർത്ഥന മാനിച്ചുകൊണ്ട് തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തിയത്. അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തപ്പെട്ടുവെങ്കിലും യാതൊരു സൗകര്യങ്ങളും അവിടെ വിപുലപ്പെടുത്താൻ കഴിയാത്തത് യാത്രക്കാരെ വളരെയേറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. എമിഗ്രേഷൻ, കസ്റ്റംസ്, സെക്യൂരിറ്റി തുടങ്ങിയ പരിശോധനകൾക്ക് ഏതാണ്ട് രണ്ടു മണിക്കൂറോളം എടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴും അവിടെയുള്ളത്. കേരളത്തിന്റെ ഗവൺമെന്റ് കുറെക്കൂടി ശക്തമായ നിലപാട് സ്വീകരിക്കേണ്ടതാണ്. കേന്ദ്രത്തിലെ നിലവിലുള്ള ഗവൺമെന്റും മുമ്പുള്ളവരും ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുക്കുന്നില്ല എന്നുള്ളതാണ് സത്യം. എയർ ഇൻഡ്യാ സർവീസിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. 26 എയർ ഇൻഡ്യാ സർവീസുകൾ 9 ആയി കുറയ്ക്കുകയുണ്ടായി. അതുമാത്രമല്ല, എയർ ഇൻഡ്യ, കോഴിക്കോട് 15 ശതമാനവും മുംബയിൽ 20 ശതമാനവും ടിക്കറ്റ് വിലയിൽ ഇളവ് അനുവദിക്കുമ്പോൾ തിരുവനന്തപുരത്ത് കേവലം 10 ശതമാനം മാത്രമാണ് ഇളവ് അനുവദിക്കുന്നത്. ഈ സാഹചര്യത്തിൽ വിദേശ വിമാന കമ്പനികൾ 30 ശതമാനം ഇളവ് അനുവദിക്കുന്നു. വളരെ ബോധപൂർവ്വമാണ്. എയർ ഇൻഡ്യയിൽ അതിന് നേതൃത്വം കൊടുക്കുന്ന ആളുകളും തിരുവനന്തപുരം വിമാനത്താവളത്തെ അസൗകര്യങ്ങളുടെ നീർച്ചുഴിയിൽ ഇട്ട് മുക്കിക്കൊല്ലുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ട്. നമ്മുടെ മനസ്സ്, കേരളത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തി നെടുമ്പാശ്ശേരിക്കും കോഴിക്കോടിനും കണ്ണൂരിനുമായി വീതിച്ചുകൊടുക്കാതെ കേരളത്തിന്റെ മുഴുവൻ മനസ്സാക്ഷിയും ഈ പ്രശ്നത്തിൽ കേന്ദ്രീകരിച്ച് നിൽക്കുകയും, ഈ സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ വിധ കഴിവുകളുമുപയോഗിച്ച് കേന്ദ്രഗവൺമെന്റിന്റെ അവഗണന മൂലം ഈ വിമാനത്താവളത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ആദ്യം നേരത്തെ അങ്ങ് പറഞ്ഞ തിനോട് യോജിക്കുകയാണ്. ആദ്യം അങ്ങ് പെയറിൽ ഇരുന്നുകൊണ്ട് പറഞ്ഞു. പ്രമേയം പാസ്സാക്കിയിട്ടും എന്താണ് പ്രയോജനം എന്ന്. നമ്മൾ ഇവിടെ ഇഷ്ടംപോലെ പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി കൊടുത്തി ട്ടുണ്ട്. കേന്ദ്രത്തിന് അയച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് കൊടുത്തി ട്ടുള്ളതുപോലും സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയിട്ടില്ല. ഞാൻ പഴയ കഥ കളിലേയ്ക്കൊന്നും പോകുന്നില്ല. ഈ പ്രമേയത്തെ ഞങ്ങൾ എല്ലാവരും പിന്താങ്ങുന്നു. അതിന് യാതൊരു സംശയവുമില്ല. എനിക്ക് ഒരു പോയിന്റ് പറ യാനുള്ളത്. ഗവൺമെന്റ് ഏറ്റെടുക്കേണ്ട ഭൂമി എത്രയും പെട്ടെന്ന് ഏറ്റെടുത്ത് കൊടുക്കുക. രണ്ടാമത്തെ കാര്യം, എയർപോർട്ടിനകത്തുള്ള ഫെസിലിറ്റീസ് ആണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം-അദ്ദേഹം ഒരുപാട് വിദേശ സ്ഥല ങ്ങളിലൊക്കെ പോയിട്ടുണ്ട്; വിമാനത്താവളങ്ങളിൽ യാത്രക്കാർക്കുള്ള സൗക ര്യങ്ങളെ ആശ്രയിച്ചാണ് പലപ്പോഴും പല എയർക്രാഫ്റ്റും ഓപ്പറേറ്റു ചെയ്യുന്നത്. തിരുവനന്തപുരം വിമാനത്താവളത്തിലെ ഫെസിലിറ്റീസ് ഇനിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഒരു ഏറോബ്രിഡ്ജു പോലും ഇല്ല. ഒരു ഇന്റർനാഷണൽ എയർപ്പോർട്ടിന് ഏറോബ്രിഡ്ജ് എന്നുപറയുന്നത് ഏറ്റവും അടിയന്തിരമായി ആവശ്യമുള്ള സംഗതിയാണ്. അത് ഇവിടെയില്ല. മറ്റ് സൗക ര്യങ്ങളില്ല. ആ ഫെസിലിറ്റീസ് വർദ്ധിപ്പിക്കുക. അതിനെപ്പറ്റി ഇവിടെ പലരും പറഞ്ഞു. അടുത്ത ഒരു പ്രശ്നം; ഈ വിഭാഗീയത വളർത്തരുത്. ഇപ്പോൾ ഇവിടെ ശ്രീ. ആന്റണി രാജു പറയുന്നതു കേട്ടു നെടുമ്പാശ്ശേരി ഞങ്ങളൊക്കെ യാണ് നശിക്കാൻ കാരണം എന്ന്. തിരുവനന്തപുരം വിമാനത്താവളം നശിപ്പി ക്കാൻ ഞങ്ങളാരും ശ്രമിച്ചിട്ടില്ല. ഞാൻ മന്ത്രിയായിരുന്ന സമയത്ത് സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധി എന്നുള്ള നിലയിൽ ഇപ്പോഴത്തെ നെടുമ്പാശ്ശേരി എയർപോർട്ടിന്റെ എം.ഡി. കുരിയനും ഞാനും കൂടി ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും പോയി. ഞങ്ങൾ വിദേശത്ത് താമസിക്കുന്ന മലയാളികളായ ജന ങ്ങളെ കണ്ട് ധനം ചോദിച്ചു. സംഭാവനയായിട്ടും ഇന്ററസ്റ്റ് ഫ്രീ ലോൺ ആ യിട്ടും ആണ് ചോദിച്ചത്. ഞാൻ ഇതിന് കാരണക്കാരനെന്ന് ഇപ്പോൾ ഇവിടെ ശ്രീ. ആന്റണി രാജു പറഞ്ഞു. അതുകൊണ്ടാണ് ഞാനിതു പറഞ്ഞത്. ഇത് മർമ്മരിംഗ് കാംപൈനാണ്. അന്ന് പോയി ആൾക്കാരെ കണ്ടപ്പോൾ അവർ കാശു തന്നു. അതുകൊണ്ട് വിഭാഗീയത വളർത്തരുത്. തിരുവനന്തപുരം ക്യാപിറ്റൽ സിറ്റിയാണ് എന്ന നിലയിൽ ഈ എയർപോർട്ട് നന്നാകണം. അത് ഞങ്ങളുടെ എല്ലാവരുടേയും ആവശ്യമാണ്. തിരുവനന്തപുരവും കൊച്ചിയും കോഴിക്കോടും കണ്ണൂരും ഈ നാല് വിമാനത്താവളം കേരളത്തിൽ വന്നാൽ ഒരു അപകടവും ഇല്ല. ദുബായിലും ഷാർജയിലും അബുദാബിയിലും എല്ലാ യിടത്തും വിമാനത്താവളങ്ങൾ ഉണ്ട്. അപ്പോൾ ഈ വിഭാഗീയ പിന്താഗതി വളർത്തിക്കൊണ്ടുവരുന്നത് ശരിയല്ല. ആ നിലയിലുള്ള ഒരു പ്രചരണം നട ത്തുന്നത് നമ്മുടെ നാട്ടിന് ഭൂഷണമല്ല. അങ്ങനെയാരും ശ്രമിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഒരൊറ്റ കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ 1968 മുതൽ, അതായത് പഠിക്കുന്ന കാലം മുതൽ തിരുവനന്തപുര ത്തുള്ള ആളാണ്. ഞാൻ ഇതിന് എതിരല്ല. തിരുവനന്തപുരം ക്യാപിറ്റൽ സിറ്റി യിൽ എയർപോർട്ട് നന്നായി വരണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. 630 തെങ്ങ് വെട്ടിമാറ്റുന്നതിനെക്കുറിച്ച് ശ്രീ. ആന്റണി രാജു ഈ സഭയിലല്ലേ പറഞ്ഞത്? ഇത് എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ വെട്ടിമാറ്റി എന്ന്. നെടുമ്പാശ്ശേരിയിൽ ജംബോജെറ്റും ബോയിങ്ങും ഇറങ്ങാൻ മരം വെട്ടണ മെന്നു പറഞ്ഞു. മൂന്നു ദിവസത്തനുള്ളിൽ തീരുമാനം എടുത്തു, മരം വെട്ടി

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി. അത് സ്റ്റേറ്റ് ഗവൺമെന്റാണ്. അല്ലാതെ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ആണോ? സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യണം. അത്രയും കാര്യങ്ങൾ ചെയ്താലേ എയർപോർട്ട് നന്നാകൂ. അതുകൊണ്ട് സ്ഥലം ഏറ്റെടുത്ത് കൊടുക്കേണ്ട നടപടി സ്വീകരിക്കുക. അങ്ങ് ഇതിനൊന്നും എതിരല്ലല്ലോ കൊച്ചിക്കും കോഴിക്കോടിനും കണ്ണൂരിനും എതിരല്ല. നമ്മൾ ആരും എതിരല്ല. ആ ഒരു ചിന്താഗതി ഇവിടെ പരത്തരുത്. ഈ എയർപോട്ട് നന്നാക്കാൻ വേണ്ടി സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ വികസന കാര്യങ്ങളുമായി ബന്ധപ്പെട്ട് വളരെയേറെ ശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്നതും പൂർത്തിയാകാത്തതുമായ ഒരു കാര്യമാണ് ഈ വിമാനത്താവളം. ഇനിയെങ്കിലും ധൃതഗതിയിലുള്ള നടപടി ഈ കാര്യത്തിൽ സ്വീകരിക്കേണ്ടിയിരിക്കുന്നു. നെടുമ്പാശ്ശേരി ഉൾപ്പെടെയുള്ള ഭാഗങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്നു എന്ന് ഒരു സൂചനയിൽ എന്റെ സ്നേഹിതൻ ശ്രീ. പാലോട് രവി ഇവിടെ സംസാരിച്ചു. എല്ലാം അവിടെയാണ് എന്നൊക്കെ. അല്ല. യഥാർത്ഥത്തിൽ നെടുമ്പാശ്ശേരി ഒരു ട്രസ്റ്റാണ്. കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിൽ വരുന്നതാണ് തിരുവനന്തപുരം. മി.പാലോട് രവി, 50 കൊല്ലമായി കേന്ദ്രം ഭരിച്ച ആളുകളുടെ നേരെ തിരിയണം. ഇവിടെ ഇന്റർനാഷണൽ എയർപോർട്ടായി പ്രഖ്യാപിച്ചതാരാണ്? ശ്രീ. വി.പി. സിംഗ്. അന്ന് ഇവിടെ ഭരിച്ചത് ആരാണ്? L.D.F. ഗവൺമെന്റ്. എവിടെയെവിടെയെല്ലാം വികസന പ്രവർത്തനങ്ങൾ വന്നിട്ടുണ്ടോ അതിന്റെയെല്ലാം പിന്നിൽ എൽ.ഡി.എഫും അതിന്റെ ഗവൺമെന്റും ഉണ്ട്. അതുകൊണ്ട് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ശ്രീ. പാലോട് രവി പോകേണ്ടതില്ല. നെടുമ്പാശ്ശേരി ഒരു പ്രൈവറ്റ് പാർട്ടിയാണ്. അവർക്കാണ് അതിന്റെ ഉത്തരവാദിത്വം. അവർക്ക് എന്തു കാര്യം വേണമെങ്കിലും 24 മണിക്കൂറിനുള്ളിൽ നടപ്പാക്കാം. അതുപോലെയാണോ ഇവിടെ? കേന്ദ്ര ഗവൺമെന്റിന്റെ തികഞ്ഞ അവഗണന കേരളത്തോട് മുൻപെല്ലാം കാണിച്ചതിന്റെ കൂട്ടത്തിൽ ഈ എയർപോർട്ട് വികസിപ്പിച്ചെടുക്കുന്ന കാര്യത്തിലും ഉണ്ടായിട്ടുണ്ട്. അതിനുവേണ്ടി അന്ന് ഭരിച്ചിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഇപ്പോൾ തന്നെ ഇതിന്റെ പിന്നിൽ ചില കറുത്ത കരങ്ങളുണ്ട്. അത് കണ്ടുപിടിച്ച് ഈ ഗവൺമെന്റ് അതെല്ലാം പരിഹരിച്ച് വളരെ ത്വരിതഗതിയിൽ ഉള്ള നടപടി സ്വീകരിക്കണം. ടിക്കറ്റിന്റെ ഇളവ് മാറ്റി എടുക്കണം. സർവീസിന്റെ എണ്ണം കുറച്ചത് വർദ്ധിപ്പിക്കണം. അതുപോലെ കസ്റ്റംസിന്റെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി കൊണ്ടുപോകാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ഇതിന് ഇനി ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മുഖ്യമന്ത്രി(ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇവിടെ അങ്ങോട്ടും ഇങ്ങോട്ടും ഉള്ള വിവാദങ്ങളാണ്. ഒന്നിലധികം വിമാനത്താവളം വന്നാൽ കുഴപ്പമാണ്. ഏതുപോലെ എന്നുപറഞ്ഞാൽ, ഇവിടത്തെ റെയിൽവേ സ്റ്റേഷൻ പണ്ട് തിരുവനന്തപുരത്തുനിന്നും കൊല്ലത്തേയ്ക്ക് മീറ്റർഗേജിലായിരുന്നു. ഞങ്ങളൊക്കെ ബ്രോഡ്ഗേജിലാണ് വരുന്നത്. ഇവിടെവന്നാൽ മീറ്റർ ഗേജാണ്. ഇത് ബ്രോഡാക്കിയാൽ മറ്റേ ബ്രോഡ് പൊളിയും എന്നുപറഞ്ഞതുപോലെയാണ്. റെയിൽവേ വികസനം വന്നാലോ വിമാനത്താവളം വന്നാലോ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയേയുള്ളൂ. നെടുമ്പാശ്ശേരിയിൽ വന്നാലും എവിടെ വന്നാലും.... ഇപ്പോൾ എന്താണെന്നുവച്ചാൽ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വീഴ്ചകൾ മറച്ചുവച്ചുകൊണ്ട് നെടുമ്പാശ്ശേരിയെ പറയുകയാണ്. നെടുമ്പാശ്ശേരിയിലെ വീഴ്ച മറച്ചുവയ്ക്കാൻ കരിപ്പൂരിനെ പറയുകയാണ്. കണ്ണൂർ മുഴുവൻ എടുത്തുവെന്ന് ഇപ്പോൾ ഇവിടെ ഒരാൾ പ്രസംഗിച്ചു. വല്ല വിവരവും ഉണ്ടായിട്ടാണോ പറയുന്നത്? വല്ല വിവരവും ഉണ്ടോ? പ്രസംഗത്തിൽ വച്ചുകാച്ചുകയാണ്. അതുപോലെ ഞാൻ ശ്രീ. പാലോട് രവിയോടു ചോദിക്കട്ടെ, 45 കൊല്ലക്കാലം കോൺഗ്രസ് ഇൻഡ്യ ഭരിച്ചിട്ട് ഇൻഡ്യാക്കാരുടേതായി ഒരൊറ്റ വിമാനത്താവളവും ഉണ്ടായിട്ടില്ലല്ലോ. അറിയാമോ ചരിത്രം? 45 കൊല്ലം ഭരിച്ചിട്ടും ഇൻഡ്യാഗവൺമെന്റിന്റെ ഒരു വിമാനത്താവളം ഇൻഡ്യയിലില്ല. ഒരൊറ്റ വിമാനത്താവളമേയുള്ളൂ. അത് തിരുവനന്തപുരത്തേതാണ്. ഒരൊറ്റ വിമാനത്താവളവും ഇൻഡ്യാക്കാരന്റേതില്ല. വെള്ളക്കാരന്റേതാണ്. ശ്രീ. എ.കെ. ആന്റണി ഇവിടെ ഇരിപ്പുണ്ടല്ലോ; അന്വേഷിച്ചോ; കോൺഗ്രസ് നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്ത് ഒരൊറ്റ സ്വന്തം ക്യാപിറ്റൽ വിമാനത്താവളം ഇൻഡ്യയൽ ഇല്ല. ഒക്കെ ബ്രിട്ടീഷുകാരന്റേതായിരുന്നു. കുറച്ച് എക്സ്പാന്റ് ചെയ്ത് എന്നല്ലാതെ ഇൻഡ്യയ്ക്കുള്ള ഒറ്റ വിമാനത്താവളം തിരുവനന്തപുരത്താണ്. അതാണ് ഇൻഡ്യാക്കാരന്റെ വിമാനത്താവളം. അത് മനസ്സിലാക്കണം. അങ്ങ് ഒരു പാർട്ടിയെ പ്രതിനിധീകരിക്കുന്ന ആളല്ലേ; ഇത് അന്വേഷിച്ചിട്ടുണ്ടോ? ഒരൊറ്റത്താവളം മാത്രം. കൽക്കട്ടയിലുണ്ടോ; ബീഹാറിലുണ്ടോ; ജംഷഡ്പൂരിലുണ്ടോ; അഹമ്മദാബാദിലുണ്ടോ; ഡൽഹിയിലുണ്ടോ? അവിടെയൊക്കെ എക്സ്പാന്റ് ചെയ്തിട്ടുണ്ട്. തുടങ്ങിയത് മുഴുവൻ വെള്ളക്കാരനാണ്. ഇൻഡ്യാക്കാർ തുടങ്ങിയത് തിരുവനന്തപുരത്താണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അങ്ങ് സായിപ്പിനുവേണ്ടിയാണോ സംസാരിക്കുന്നത്?

<u>ശ്രീ. ഇ.കെ. നായനാർ</u> : നിങ്ങളുടെ ഭരണകാലത്ത് ഒരൊറ്റ വിമാനത്താവളം ഇവിടെ തുടങ്ങിയില്ല. ഇൻഡ്യാ രാജ്യത്ത് ഒരൊറ്റ വിമാനത്താവളം കൊണ്ടുവന്നിട്ടില്ല. തിരുവനന്തപുരം വിമാനത്താവളത്തെ ഇന്റർനാഷണൽ വിമാനത്താവളമാക്കിയത് ആരാണ്?

<u>ശ്രീ. എ.കെ. ആന്റണി</u> : ശ്രീ. ഇ.കെ. നായനാരുടെ പാർട്ടിയുടെ പിന്തുണയുള്ള ഗവൺമെന്റ് 1977 മുതൽ കേന്ദ്രം ഭരിച്ചില്ലേ; അവർ കൊണ്ടു വന്നിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : അത് ഞാൻ പറയുവാൻ പോകുകയാണ്. ഞാൻ പറഞ്ഞു കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം വിമാനത്താവളം വന്നത് എപ്പോഴാണ്? നിങ്ങൾ ഭരണത്തിൽനിന്നും പോയതിനുശേഷം, നിങ്ങളെ ഭരണത്തിൽനിന്നും പുറത്താക്കി ശ്രീ.വി.പി. സിംഗ് അധികാരത്തിൽ വന്നതിനു ശേഷമാണ് തിരുവനന്തപുരം വിമാനത്താവളത്തെ ഇന്റർനാഷണൽ വിമാനത്താവളമാക്കിയത്.

ശ്രീ. എ.കെ. ആന്റണി : തിരുവനന്തപുരം വിമാനത്താവളത്തെ ഇന്റർനാഷണൽ വിമാനത്താവളമാക്കണമെന്ന് ഒഫിഷ്യലായിട്ട് ഡിക്ലയർ ചെയ്തത് ശ്രീ. വി.പി. സിംഗ് ആണെങ്കിലും, തിരുവനന്തപുരം വിമാനത്താവളത്തെ അന്തർദേശീയ വിമാനത്താവളമാക്കണമെന്ന് ആദ്യം പ്രഖ്യാപിച്ചത് രാജീവ് ഗാന്ധിയാണ്. അതാണ് റിക്കാർഡ്.

<u>ശ്രീ. ഇ.കെ. നായനാർ</u> : അങ്ങേയ്ക്ക് രാജീവ് ഗാന്ധിയോട് ബഹുമാനമുണ്ടെങ്കിൽ അത് ഇരിക്കട്ടെ, ശ്രീ. വി.പി. സിംഗ് ഇല്ലെങ്കിൽ ഇത് അന്തർദേശീയ വിമാനത്താവളം ആകുകയില്ല. ഒരു പൊതുയോഗത്തിൽവച്ച് ശ്രീ. വി.പി. സിംഗിനോട് ഞാൻ ചോദിച്ചു ഇങ്ങനെ പരസ്യമായി അനൗൺസ് ചെയ്യാമോയെന്ന്. പരസ്യമായി അനൗൺസ് ചെയ്യുമോയെന്ന് എനിക്ക് സംശയമുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. അദ്ദേഹം പറഞ്ഞു, ഞാൻ അനൗൺസ് ചെയ്യുന്നുണ്ടെന്ന്. രാജീവ് ഗാന്ധിയുടെ കാലത്താണെന്നുള്ളത് മാറ്റിവച്ചിരുന്നാൽമതി.

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് എന്താണ് ചെയ്തത്?

ശ്രീ. ഇ.കെ. നായനാർ : ഞാൻ പറയുവാൻ പോകുന്നതേയുള്ളൂ. തുടങ്ങിയിട്ടേയുള്ളൂ. നിങ്ങൾ മനസ്സിലാക്കണം, നിങ്ങൾക്ക് ഇഷ്ടമുള്ളത് പറയുവാനല്ല ഞാനിവിടെ നിൽക്കുന്നത്. ശ്രീ. ജി. കാർത്തികേയന് ഇഷ്ടമുള്ളതുപറയുവാൻ ഇ.കെ. നായനാരെ കിട്ടുകയില്ല. അത് മനസ്സിലാക്കണം. ഇന്റർനാഷണൽ വിമാനത്താവളം പ്രഖ്യാപിച്ച് നടപ്പാക്കിയത് എപ്പോഴാണ്? ഉദ്ഘാടനം ചെയ്തത് മുൻപ്രധാനമന്ത്രി ആയിരുന്ന ശ്രീ. ചന്ദ്രശേഖരന്റെ കാലത്തായിരുന്നു. പഞ്ചാബ് ഗവൺമെന്റിലെ ഒരു മന്ത്രി വന്നിട്ടായിരുന്നു. നിങ്ങളുടെ കോൺഗ്രസ്സിനെ തൊട്ടുതെറിപ്പിച്ചില്ല. എന്നിട്ടാണ് ശ്രീ. എ.കെ. ആന്റണി പറയുന്നത്, ഞങ്ങളാണ്...ഞങ്ങളാണ്. എവിടെ ഞങ്ങൾ? എവിടെ കോൺഗ്രസ്? ശ്രീ. ചന്ദ്രശേഖരൻ പ്രധാനമന്ത്രി ആയിരുന്നപ്പോൾ അല്ലെങ്കിൽ ശ്രീ. വി.പി. സിംഗ് പ്രധാനമന്ത്രി ആയിരുന്ന കാലഘട്ടത്തിലാണ് തിരുവനന്തപുരത്ത് ഇത് പ്രഖ്യാപിച്ചത്. ഇപ്പോഴത്തെ കുഴപ്പം എന്താണ്? ശ്രീ. പാലോട് രവി മുഖ്യമന്ത്രിയെപ്പറ്റി പറഞ്ഞത്. എനിക്ക് ഒരു കൈയും ഇല്ല. എനിക്ക് ഒരു കുഴപ്പവുമില്ല. എന്റെ കൈ പരിശുദ്ധമാണ്. അതാണ് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ വായിച്ച ഒരു പ്രസ്താവന, ഞാൻ പറഞ്ഞത്, അത് വളരെ അർത്ഥവത്താണ്. ഇവിടത്തെ എം.എൽ.എ. യും ഇവിടത്തെ സ്പീക്കറും ഇവിടത്തെ നേതാക്കന്മാരും എല്ലാവരും പല പ്രസ്താവന ഇറക്കി, ഞാനും ഇറക്കി, ഗവൺമെന്റും ഇറക്കി. ഇനിയും പ്രസ്താവനകൾ വരും. ഇനിയും മീറ്റിംഗ് വരും.

ശ്രീ. ടി.എം. ജേക്കബ് : കാര്യം നടക്കണമെന്നില്ല.

ശ്രീ. ഇ.കെ. നായനാർ : അതുതന്നെ, കറക്ട്. കുറെ ആളുകൾ നെടുമ്പാശ്ശേരിക്ക് എതിരായിട്ട് ഇതിനെ കൊണ്ടുപോകുകയാണ്. നെടുമ്പാശ്ശേരിയെ കോഴിക്കോടിന് എതിരായിട്ട് കൊണ്ടുപോകുകയാണ്. നിങ്ങളുടെ സ്ഥിരം പണി ഇതാണല്ലോ? നിങ്ങൾ ചെയ്യുന്നത് ന്യായക്കേടാണ്. ഞാനും ശ്രീ. കെ. കരുണാകരനും ശ്രീ. ആന്റണിരാജുവും ബഹുമാനപ്പെട്ട മേയറും എല്ലാവരും കൂടിയിരുന്നു ശ്രീ. ജയകൃഷ്ണനുമായിട്ട് ഇവിടെ ഒരു സമ്മേളനം കൂടി. ശ്രീ. ആന്റണി രാജു ഇവിടെ ഉണ്ടല്ലോ? മേയറുമുണ്ട്. ശ്രീ. കെ. കരുണാകരൻ ഉണ്ട്. ശ്രീ. ഇ.കെ. നായനാരുമുണ്ട്. ഞങ്ങൾ എല്ലാവരും കൂടിയിരുന്നു തീരുമാനമെടുത്തു. പണത്തിന്റെ കാര്യത്തിൽ തർക്കമുണ്ടായോ? ഉണ്ടായിട്ടില്ല. ശ്രീ. ജയകൃഷ്ണൻ തീരുമാനിച്ചില്ലേ?

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ആന്റണി രാജു എന്താണ് പറഞ്ഞത്?

ശ്രീ. ഇ.കെ. നായനാർ : ശ്രീ. ആന്റണിരാജു ഉണ്ടായിരുന്നല്ലോ, അന്നത്തെ യോഗത്തിൽ ബഹുമാനപ്പെട്ട മേയറും, ശ്രീ. കെ. കരുണാകരനും, ഞാനും, ശ്രീ. ജയകൃഷ്ണനും ഉണ്ടായിരുന്നു.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ആന്റണി രാജു, അങ്ങ് കാലുമാറുകയാണോ?

ശ്രീ. ഇ.കെ. നായനാർ : ഇവർ ഓരോന്ന് പറയുമ്പോഴും എനിക്ക് അറിയാം. എന്തെല്ലാമാണെന്ന്. ഞങ്ങളോട് ശ്രീ. ജയകൃഷ്ണൻ സമ്മതിച്ചില്ലേ? ഇവിടെ രാത്രി ഇറങ്ങി നടക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞു. ഞാൻ ശ്രീ. കെ. കരുണാകരനെ പിന്നെയും വിളിച്ചുപറഞ്ഞു. ശ്രീ. കെ. കരുണാകരൻ വീണ്ടും ശ്രീ. ജയകൃഷ്ണനെ വിളിച്ചു ഡൽഹിയിൽ ഞങ്ങൾ രണ്ടു മൂന്നു തവണ വിളിച്ചു. കേന്ദ്ര ഗവൺമെന്റിന് ഒരു നയമുണ്ട്. നമ്മുടെ ഭരണ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് പണി ചെയ്യില്ലെന്ന് ഒരു നയമുണ്ട്. എന്നാൽ സമ്മർദ്ദം ചെലുത്തിയാൽ ചെയ്യും. കേന്ദ്ര ഗവൺമെന്റിന് ഒരു പോളിസിയുണ്ട്. രണ്ടു കാര്യങ്ങളാണ് 27 ഏക്കർ ഭൂമി ഒഴിപ്പിക്കണം. 600 മരങ്ങൾ മുറിയ്ക്കണം. അതുതന്നെയാണ് പ്രശ്നം. ഈ നാട്ടിലെ എല്ലാ പാർട്ടിയിലെ എം.എൽ.എ. മാരും യോജിച്ചുകൊണ്ട് 27 ഏക്കർ ഭൂമി ഒഴിപ്പിക്കലിനും 600 മരങ്ങൾ മുറിയ്ക്കുന്നതിനും അനുകൂലിക്കുകയാണെങ്കിൽ പിറ്റേന്ന് നടപ്പാക്കും. എന്റെ കൈ ശുദ്ധമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞങ്ങൾ അനുകൂലിക്കാം.

ശ്രീ. ഇ.കെ. നായനാർ : എന്റെ കൈ ശുദ്ധമാണ്. എന്റെ കൈയ്ക്ക് ഒരു കുഴപ്പവുമില്ല. ഞാൻ പിറ്റേന്ന് നടപ്പാക്കും. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞിട്ട് നിലമ്പൂർ പോയാൽ പോരാ. ഇവിടെയാണ് കുഴപ്പം. ഇവിടെ അങ്ങനെ പറഞ്ഞതുകൊണ്ട് ഒരുകാര്യവുമില്ല. ഇവിടെ പറഞ്ഞിട്ട് നിലംപൂരിലോട്ട് ഓടിയാൽ ഒരു കാര്യവുമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ഞങ്ങളോട് ചോദിച്ചതിന് ഞങ്ങൾക്ക് സമ്മതമാണ്.

ശ്രീ. ഇ.കെ. നായനാർ : നിങ്ങൾ സമ്മതിച്ചാൽ പോരാ. ഞാനും നിങ്ങളും സമ്മതിച്ചാൽ പോരാ. തിരുവനന്തപുരം ജില്ലയിലെ മുഴുവൻ എം.എൽ.എ.മാരുടെയും.....(ബഹളം).....ഞാൻ പറയട്ടെ.....(ബഹളം)..... 20 കോടി രൂപയുടെ.....

ശ്രീ. ജി. കാർത്തികേയൻ : ഇപ്പോൾ ഞങ്ങളാണ് കുഴപ്പക്കാർ!

ശ്രീ. എ.കെ. ആന്റണി : ഞങ്ങളുടെ ഗവൺമെന്റ് മൂന്നുവർഷക്കാലം ചെയ്ത എല്ലാ കാര്യങ്ങളും യു.ഡി.എഫ്. അംഗീകരിക്കുന്ന കാര്യങ്ങൾ മാത്രമാണോ? ഈ ഗവൺമെന്റ് ചെയ്യുക. ഞങ്ങൾ കൂടെയുണ്ട്.

ശ്രീ. ഇ.കെ. നായനാർ : ശ്രീ. എ.കെ. ആന്റണിക്ക് മനസ്സിലായിട്ടില്ല. ശ്രീ. എ.കെ. ആന്റണിക്ക് അറിയില്ലെങ്കിൽ അറിയില്ലെന്ന് പറയുക. 600 മരങ്ങൾ മുറിയ്ക്കുന്നത് ചെറിയ കാര്യമല്ല.

ശ്രീ. ടി.എം. ജേക്കബ് : തെങ്ങാണ്. നെടുമ്പാശ്ശേരിയിൽ തെങ്ങ് മുറിച്ചല്ലോ?

ശ്രീ. ഇ.കെ. നായനാർ : അവിടത്തെ കാര്യം വേറെ. ഇപ്പോൾ അത് ഡിസ്ക്കസ് ചെയ്യണ്ട. അവിടെ ജനങ്ങളുടെ സഹായത്തോടെ ചെയ്തു. ഇവിടെ തർക്കം അതല്ലല്ലോ; അതാണ് നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത്. രണ്ട് തെങ്ങ് മുറിച്ചാൽ ഒരാൾ അനുകൂലിയ്ക്കും അടുത്തയാൾ എതിർക്കും.

ശ്രീ. ടി.എം. ജേക്കബ് : ഇവിടെയും തെങ്ങ് മുറിയ്ക്കാം.

ശ്രീ. ഇ.കെ. നായനാർ : കോട്ടയത്തുകാരന് ഇവിടെ തെങ്ങ് മുറിയ്ക്കാം എന്നു പറയുന്നതിൽ എന്തെങ്കിലും കുഴപ്പമുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : ഞാൻ എറണാകുളത്തുകാരനാണ്. കോട്ടയത്തുകാരനല്ല.

ശ്രീ. ഇ.കെ. നായനാർ : എറണാകുളമെങ്കിൽ എറണാകുളം. നിങ്ങൾക്ക് പറയുവാൻ വിഷമമില്ല. ഞാനും ഈ ജില്ലക്കാരനല്ല. ഇവിടെയുള്ളവർക്കേ അതിന്റെ ഇടയിലെ വസ്തുത അറിയാവൂ.

ഞാൻ പറയുന്നത്, ഈ ഡിസ്ട്രിക്റ്റിലെ ശ്രീ. ജി. കാർത്തികേയനുൾപ്പെടെ എടുക്കാം. എല്ലാ എം.എൽ.എ. മാരും യോജിച്ചു നിന്നുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മരം മുറിക്കുന്നതിനും..... 27 ഏക്കറിലെ പ്രശ്നമുണ്ട്. എല്ലാവരും യോജിച്ചു നിൽക്കുകയാണെങ്കിൽ 20 കോടി രൂപയുടെ ഒരു പ്രശ്നവുമില്ല. അത് ശ്രീ. എ.കെ. ആന്റണിക്കറിയില്ല. ഇവിടത്തെ എല്ലാ കക്ഷിയിലുംപ്പെട്ട എം.എൽ.എ മാർ, മാർക്കിസ്റ്റുകാർ മാത്രം പോരാ; എല്ലാ കക്ഷിയിലുംപ്പെട്ട എം.എൽ.എ. മാർ യോജിച്ച് ഒരു തീരുമാനമെടുക്കുകയാണെങ്കിൽ പിറ്റേന്ന് നടപ്പിലാക്കാൻ ഞാൻ തയ്യാറാണ്. ശ്രീ. പാലോട് രവിയുടെ വർത്തമാനത്തിന്റെ ആവശ്യ മൊന്നും ഇവിടെയില്ല. പാലോടു രവി നെടുമങ്ങാട്ടുകാരനാണ്. നെടുമങ്ങാട്ടു കാരനാണ് ഇവിടെ വന്നു പ്രസംഗിക്കുന്നത്. മരം മുറിക്കുന്നത് ഇവിടെ നിന്നാണ്. അതു മനസ്സിലായോ? നിങ്ങൾക്ക് ഇവിടെ വന്നു പ്രസംഗിച്ചിട്ട് നെടുമങ്ങാട്ടു പോയി രക്ഷപ്പെടാം. അതു നോക്കണം. നിങ്ങൾക്ക് അതിന്റെ ഗൗരവം മനസ്സിലായിട്ടില്ല. ഞാനല്ലേ ഇതു കൈകാര്യം ചെയ്യേണ്ടത്? ഒരാളിന്റെയും എതിർപ്പില്ലാതെ ഇതു കൈകാര്യം ചെയ്യണ്ടേ?

ശ്രീ. ജി. കാർത്തികേയൻ : സ്പീക്കറടക്കമുള്ള പൊതുപ്രവർത്തകരെല്ലാം ഇവിടെയുണ്ട്. ഈ നിമിഷം വരെ. ഈ പ്രമേയം വരുന്നതു വരെ ഈ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനു വേണ്ടിയോ, പൂർത്തീകരണത്തിനു വേണ്ടിയോ അങ്ങ് ഇപ്പോൾ പറയുന്ന ആളുകളുടെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ? സംസാരിച്ചിട്ടുണ്ടോ? ഇപ്പോൾ മാത്രമെന്തിനാണ് ഇങ്ങനെ ഒച്ച വച്ചു സംസാരിക്കുന്നത്? ഞങ്ങളാരെങ്കിലും എതിരാണെന്നു പറഞ്ഞോ? പ്രതിപക്ഷനേതാവ് ഇതിനെതിരാണെന്നു പറഞ്ഞോ? വേണമെങ്കിൽ നടക്കും. ആയിരം ഏക്കർ നെടുമ്പാശ്ശേരിയിലെ പാടങ്ങൾ നികത്തിയതു പ്രശ്നമില്ലാഞ്ഞിട്ടാണോ? ഇച്ഛാശക്തി വേണം.

ശ്രീ. ഇ.കെ. നായനാർ : ഈ പറയുന്ന സ്ഥലത്തെക്കുറിച്ച് ഞാൻ ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ചിട്ടുണ്ട്. എനിക്കു ചില വിവരങ്ങളും കിട്ടിയിട്ടുണ്ട്. അതാണ് ഞാൻ പറയുന്നത്. നിങ്ങൾ 400 മീറ്റിംഗ് കൂടിയാലും നടക്കില്ല. 400 മീറ്റിംഗ് കൂടിയാലും നടക്കില്ല എന്നാണ് ഞാൻ പറയുന്നത്. കാര്യങ്ങൾ നടക്കണമെങ്കിൽ എല്ലാവരും കൂടി യോജിച്ച് താൽപ്പര്യമെടുക്കണം. ഒരു മരം മുറിച്ചാൽ അതിനപ്പുറം പള്ളിയാണ്. മറ്റൊന്നു മുറിച്ചാൽ പറയും വീടാണെന്ന്. ഇതൊന്നും നിങ്ങൾക്ക് ഹീൽ ചെയ്യില്ല. എനിക്കാണ് പ്രശ്നങ്ങൾ വരുന്നത്. ഗവൺമെന്റിനാണ് പ്രശ്നം വരുന്നത്. ഡെലിഗേഷൻ എന്നെ വന്നു കാണുകയാണ്. അവിടെ മരം മുറിക്കാൻ പറ്റില്ലെന്നും സ്ഥലം എടുത്തുകൂടായെന്നുമാണ്. സ്ഥലം എടുത്താൽ നമ്മുടെ പള്ളിയും വഴിയും നഷ്ടപ്പെടുമെന്നാണ്. എന്റെയടുത്താണ് ഡെലിഗേഷൻ വരുന്നത്. അപ്പോൾ ഉദ്യോഗസ്ഥൻമാർക്ക് ഇടപെടാൻ പറ്റുമോ? നിങ്ങളിനിയും മീറ്റിംഗ് കൂടിക്കോ. എനിക്കു തടസ്സമില്ല. മീറ്റിംഗ് കൂടിയാൽ നടക്കുകയില്ല. അത്രയേ ഞാൻ പറയുന്നുള്ളൂ. നെടുമ്പാശ്ശേരിയിൽ എല്ലാ ജനങ്ങളും യോജിച്ചു മുന്നോട്ടുവന്നു. മറപ്പുറത്തു വന്നു. അവിടെ കക്ഷിവ്യത്യാസമുണ്ടായിരുന്നോ? ശ്രീ.പി.പി. തങ്കച്ചനോട് ചോദിച്ചുനോക്കൂ, ഞാനും ശ്രീ.തങ്കച്ചനും എല്ലാവരും കൂടി യോജിച്ചാണ് അവിടെ കാര്യങ്ങൾ കൈകാര്യം ചെയ്തത്. ഇവിടെ എങ്ങനെയാണ്?. അതുകൊണ്ടാണ് ഞാൻ പറയുന്നത്. മറ്റു സ്റ്റേറ്റുകൾ തമ്മിലുള്ള വ്യത്യാസമെന്താണെന്നു വച്ചാൽ ഇവിടെ വീടുകൾ തിങ്ങിപ്പാർക്കുന്നു. 600 തെങ്ങിനിടയ്ക്ക് ഇവിടെ എത്ര വീടുകളുണ്ട്. അതു നിങ്ങൾ കണക്കാക്കിയിട്ടുണ്ടോ? അതിലൊരു വീട്ടിൽ നമുക്കു തൊടാൻ സാധിക്കുമോ? അതു മൽസ്യത്തൊഴിലാളിയുടെ വീടായിരിക്കും. എയർപോർട്ടിനപ്പുറത്ത് മൽസ്യത്തൊഴിലാളികളുടെ വീടാണ്. എല്ലാവരും കൂടി ചർച്ച ചെയ്യണം. എന്താണ് പോംവഴിയെന്നത് ചർച്ച ചെയ്യണം. മരം മുറിക്കാൻ ഞാൻ തയ്യാറാണ്. പാവങ്ങളെ കൊന്നിട്ടു മരം മുറിക്കാൻ പറ്റില്ല. അത് എന്നെക്കൊണ്ട് ആകില്ല. അപ്പോൾ ആ അടിസ്ഥാനത്തിൽ മരം മുറിക്കാനും സ്ഥലമെടുക്കുന്നതിനും എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ടുത്താനും നമ്മുടെ വ്യവസായരംഗം വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. വ്യവസായ സഹകരണ സംഘങ്ങളേയും പരമ്പരാഗത വ്യവസായങ്ങളേയും അവർക്കാവശ്യമുള്ള സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ട്, അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കിക്കൊണ്ട്, പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. ഈ അവസരത്തിൽ ഒരു സംഗതി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പട്ടികജാതി പ്രത്യേക ഘടകപദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി (എസ്.ഇ.പി. ആന്റ് റ്റി.എസ്.പി.) പ്ലാൻ വിഹിതം വളരെ കുറവാണ്. 3854 ലക്ഷം രൂപയാണ് വ്യവസായത്തിന്റെ പ്ലാൻ വിഹിതം. അതിൽ ഇപ്പോൾ ബഡ്ജറ്റിൽ 150 ലക്ഷം രൂപ മാത്രമേയുള്ളൂ. അതിൽ 10 ശതമാനമെങ്കിലും മാറ്റിവയ്ക്കണം. അത് 3.85 കോടി രൂപ വരും. മറ്റൊരു കാര്യം ഈ സംസ്ഥാനത്തെ ബാങ്ക് നിക്ഷേപത്തിൽ 60 ശതമാനം തുക നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കാൻ കഴിയുന്നില്ല. 40 ശതമാനം തുക മാത്രമല്ലേ ചെലവഴിക്കുന്നുള്ളൂ? അയൽ സംസ്ഥാനങ്ങളിൽ 100 ശതമാനവും വ്യവസായത്തിനു വേണ്ടിയും കാർഷിക അഭിവൃദ്ധിക്കുവേണ്ടിയും മറ്റു ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാറ്റിവയ്ക്കുമ്പോൾ 60 ശതമാനം ഈ സംസ്ഥാനത്തുനിന്നും ഒഴുകിപ്പോകുന്നു മറ്റു സംസ്ഥാനങ്ങളിലേക്ക്. എന്താണ് അത് നിയന്ത്രിക്കാത്തത്? ഈ കോൺഗ്രസ് പാർട്ടിക്ക് അത് അറിയില്ലേ? അവർ ഭരിച്ചുകൊണ്ടിരുന്നതല്ലേ രാജ്യം? ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് ചെയ്യേണ്ടതാണ്. ഇവിടെ 15 പൊതുമേഖലാ വ്യവസായങ്ങൾ ലാഭമുണ്ടാക്കിയതിനെ സംബന്ധിച്ച് എക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്. ആ പൊതുമേഖലാ വ്യവസായങ്ങളെ നിലനിറുത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതും ഈ നാട്ടിലെ ജനങ്ങളുടെ ഒരു ആവശ്യമായതുകൊണ്ട് ആവശ്യമുള്ള സാമ്പത്തികസഹായം ഗവൺമെന്റ് നൽകാൻ, പുനരുദ്ധാരണനിധിയിൽനിന്നും നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കണം. കുറഞ്ഞ മുതൽമുടക്കിൽ കശുവണ്ടി മേഖലയിൽ ലക്ഷക്കണക്കിനു തൊഴിലാളികൾക്കു തൊഴിൽ നൽകാൻ കഴിയുന്നവയാണ്. 172 ലക്ഷം തൊഴിലാളികൾ തൊഴിൽ എടുക്കുന്നുണ്ട്. 23.33 കോടി രൂപ കൂടി കോർപ്പറേഷന് അനുവദിക്കണം. കോർപ്പറേഷൻ വ്യവസായ സ്ഥാപനങ്ങൾ നടത്തണമെന്നുണ്ടെങ്കിൽ ആ പണം ഗവൺമെന്റ് അനുവദിച്ചുകൊടുക്കണം. കൈത്തറി വ്യവസായത്തിന് 25 കോടി രൂപയുടെ റിബേറ്റ് കൊടുത്തുതീർക്കാനുണ്ട്. ആ പണവും അനുവദിക്കേണ്ടതുണ്ട്. ആ മേഖലയിൽ പ്രതിപക്ഷം പറയുന്നതുപോലെ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കണം. നടപടി എടുക്കണം. ആ ആരോപണം അന്വേഷിച്ച്, പണം വെറുതെ കട്ടെടുക്കുന്നുണ്ടെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കൈത്തറി വ്യവസായത്തിലും റിബേറ്റ് കുടിശ്ശിക കൊടുത്ത് ആ വ്യവസായം നടത്താൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണം.

തീർച്ചയായും ഇൻഫർമേഷൻ ടെക്നോളജി ഈ ആധുനിക കാലഘട്ടത്തിന്റെ അനിവാര്യമായ ഒരു മേഖലയാണ്. ആ മേഖലയ്ക്ക് മുൻതൂക്കം ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ട് എന്നുള്ളതിൽ തീർച്ചയായും സന്തോഷമുണ്ട്. അതിന് ഈ ഗവൺമെന്റ് ആവശ്യമുള്ള പണം ഈ ബഡ്ജറ്റിൽ വകയിരുത്തണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. പ്രധാന വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുംവേണ്ടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 65 കോടി രൂപ വളരെ അപര്യാപ്തമാണ്. ബഡ്ജറ്റ് പ്ലാൻ ഫണ്ടിന്റെ 20 ശതമാനമെങ്കിലും വ്യവസായത്തിന് ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. അതാണ് ശ്രീ.കാർത്തികേയൻ ചോദിച്ചത്. അതിനു മുഖ്യമന്ത്രി ഉത്തരം പറഞ്ഞില്ല. മുഖ്യമന്ത്രി പറയുന്നു കോർപ്പറേഷനാണ് വിളിച്ചു കൂട്ടേണ്ടതെന്ന്.....(ബഹളം).....ഒരു പ്രമേയം കൊണ്ടുവന്ന് ചർച്ച ചെയ്യേണ്ട കാര്യമുണ്ട്. പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന്റെ പരിഹാരത്തിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം ജില്ലയിലെ ഭരണകക്ഷി, പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ എം. എൽ.എ.മാരുടെ യോഗം വിളിക്കാൻ തയ്യാറാകണം. അതു ഞങ്ങൾക്കറിയണം.

മി. സ്പീക്കർ : പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്....

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് മാസം 5-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക്ശേഷം 12.35 ന് പിരിഞ്ഞു.)

അനുബന്ധം 1

നക്ഷത്ര ചിഹ്നമിട്ട 6 (262)-ാം നമ്പർ ചോദ്യം കാണുക.

1. **വനിതകളുടെ ക്ഷേമത്തിനുള്ള നടപടികൾ**

എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ക്ഷേമ പദ്ധതികളും സ്ഥാപനങ്ങളും.

ക്ഷേമപദ്ധതികൾ

1) ഇന്ദിരാ മഹിളാ യോജന
2) കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള പദ്ധതി
3) മഹിളാ സമൃദ്ധിയോജന

സ്ഥാപനങ്ങൾ

1) മഹിളാ മന്ദിരങ്ങൾ
2) റെസ്ക്യൂ ഹോമുകൾ
3) ആഫ്ടർകെയർ ഹോസ്റ്റൽ
4) ആഫ്ടർ കെയർ ഹോം ഫോർ ദി അഡോളസെന്റ് ഫീമെയിൽ
5) ഹോം ഫോർ ദി ഫിസിക്കലി ഹാന്റിക്യാപ്ഡ് വിമൺ
6) ആശാഭവനം
7) ഷോർട്ട് സ്റ്റേ ഹോം

ബി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ക്ഷേമ പദ്ധതികൾ.

1) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയംതൊഴിൽ വായ്പാ പദ്ധതികൾ
2) പൊതുവിഭാഗത്തിനുള്ള സ്വയംതൊഴിൽ വായ്പകൾ
3) വനിതാ സംഘടനകൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും നൽകുന്ന സ്വയം തൊഴിൽ വായ്പകൾ

LIBRARY ARCHIVES Kerala Legislative Assembly